# കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.lfa.kerala.gov.in**

തൃക്കാക്കര നഗരസഭ

2016-17

ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് ഓഫീസ്
എറണാകുളം

email:doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെഎസ്എ.ഇകെഎം(എം.1)1775/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് ഓഫീസ്, എറണാകുളം,
സിവിൽ സ്റ്റേഷൻ,കാക്കനാട്-682030
ഫോൺ-0484-2422271
email :doekm.ksad@kerala.gov.in
തീയതി:30.11.2017

ജോയിന്റ് ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന),
തൃക്കാക്കര നഗരസഭ
സർ,

വിഷയം:തൃക്കാക്കര നഗരസഭ -2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ മുനിസിപ്പിലാറ്റി നിയമം 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തൃക്കാക്കര നഗരസഭയുടെ 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം2, ഭാഗം3 എന്നിവയിലേക്ക് നഗരസഭാ അധികൃതരുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭയുടെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ നഗരസഭ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15). റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ മുനിസിപ്പാലിറ്റി(പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ജോയിന്റ് ഡയറക്ടർ

പകർപ്പ് :
1. സെക്രട്ടറി തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം(ഉപരിപത്രം സഹിതം)
3. ഡയറക്ടർ, നഗരകാര്യവകുപ്പ് തിരുവനന്തപുരം (ഉപരിപത്രം സഹിതം)
4. റീജിയണൽജോയിന്റ്ഡയറക്ടർ, നഗരകാര്യവകുപ്പ്, എറണാകുളം.
5. കാര്യാലയ പകർപ്പ്

നം.കെഎസ്എ.ഇകെഎം(എം.1)1775/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് ഓഫീസ്, എറണാകുളം,
സിവിൽ സ്റ്റേഷൻ,കാക്കനാട്-682030
ഫോൺ-0484-2422271
email :doekm.ksad@kerala.gov.in
തീയതി:30.11.2017

# എറണാകുളംജില്ലയിലെ തൃക്കാക്കര നഗരസഭയുടെ 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ മുനിസിപ്പാലിറ്റി നിയമം- വകുപ്പ് 295(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ തൃക്കാക്കര നഗരസഭയുടെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.നഗരസഭ 31.3.2017 വരെ വിവിധയിനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവ പരിശോധിച്ചിട്ടുണ്ട്. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 34 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്.ഓഡിറ്റ് പരാമർശങ്ങൾക്ക് നൽകിയ മറുപടി പരിഗണിച്ച ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്. സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരങ്ങൾ

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ധന്യ ബാലകൃഷ്ണൻ, ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 7.6.2017മുതൽ 14.6.2017 വരെ. (വരവ്)<br>25.8.2017മുതൽ 31.8.2017 വരെ.(ചെലവ്) |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ജയ.സി.ആർ,ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ) |
| | അബ്ദുൾ സലാം. ടി. ഐ, ഓഡിറ്റ് ഓഫീസർ<br>വിനീത് ആർ., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീജിത്ത്.സി.ഡി,സീ.ഗ്രേ.ഓഡിറ്റർ |
| | സന്തോഷ് കുമാർ കെ.വി., ഓഡിറ്റർ |

## (ബി)നിർവ്വഹണാധികാരികൾ

| | പേര് | കാലയളവ് | |
|---|---|---|---|
| ചെയർമാൻ / ചെയർപേഴ്സൺ | | മുതൽ | വരെ |
| | കുമാരി നീനു കെ.കെ. | 1.4.2016 | 31.3.2017 |
| വൈസ് ചെയർമാൻ, ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ | സാബു ഫ്രാൻസീസ് | 1.4.2016 | 31.3.2017 |
| വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സൺ | മേരി കുര്യൻ | 1.4.2016 | 31.3.2017 |

| | | | |
|---|---|---|---|
| ആരോഗ്യ കാര്യ സ്റ്റാന്റിംഗ് കമ്മറ്റി, ചെയർപേഴ്സൺ | ഷബ്ന റഹ്മാൻ | 1.4.2016 | 31.3.2017 |
| വിദ്യാഭ്യാസ കലാ കായിക കാര്യ സ്റ്റാന്റിംഗ് കമ്മറ്റി, ചെയർപേഴ്സൺ | സീന റഹ്മാൻ | 1.4.2016 | 31.3.2017 |
| പൊതുമരാമത്ത് കാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ | ജിജോ ചിങ്ങംതറ | 1.4.2016 | 31.3.2017 |
| ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ | കെ.ടി. എൽദോ | 1.4.2016 | 31.3.2017 |

നിർവ്വഹണോദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് | |
|---|---|---|---|
| സെക്രട്ടറി | പി.എസ്. ഷിബു | 1.4.2016 | 31.3.2017 |
| അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയർ | എസ്.രാജേന്ദ്രൻ | 1.4.2016 | 31.3.2017 |
| ഹെഡ് മിസ്ട്രസ് , ജി.യു.പി.എസ്., തെങ്ങോട് | എസ്. ജയ | 1.4.2016 | 22.6.2016 |
| | പ്രേമം രാജ് | 22.6.2016 | 17.8.2016 |
| | അനിത പി | 17.8.2016 | 31.3.2017 |
| കൃഷി ഫീൽഡ് ഓഫീസർ | ആർ.ഷീല | 1.4.2016 | 13.7.2016 |
| | ഗീത ചന്ദ്രൻ | 14.7.2016 | 31.3.2017 |
| വെറ്ററിനറി സർജൻ | ലൗലി സക്കറിയ | 1.4.2016 | 31.3.2017 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഡിഫന ഡിക്രൂസ് | 1.4.2016 | 28.4.2016 |
| | ധനുഷ | 29.4.2016 | 31.3.2017 |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | ഡോ.ദീപ്തി | 1.4.2016 | 31.3.2017 |
| മെഡിക്കൽ ഓഫീസർ ഗവ. ഹോമിയോ ഡിസ്പെൻസറി തൃക്കാക്കര, | ഡോ.സോമസുന്ദരി | 1.4.2016 | 8.6..2016 |
| | ഡോ സിന്ധു | 8.6..2016 | 19.8.2016 |
| | ഡോ ജിജി വർഗീസ് | 19.8.2016 | 31.3.2017 |
| മെഡിക്കൽ ഓഫീസർ, പിഎച്ച്.സി. | ഡോ.മായ പ്രഭ | 1.4.2016 | 2.10.2016 |
| | ഡോ പ്രശാന്തി.എം | 3.10.2016 | 31.3.2017 |
| പട്ടിക ജാതി വികസന ഓഫീസർ | ജി. ഗീത കുമാരി | 1.4.2016 | 10.8.2016 |
| | അൻവർ.എൻ.എച്ച് | 11.8.2016 | 31.3.2017 |
| ഹെൽത്ത് ഇൻസ്പെക്ടർ | സുനിൽ തോമസ് | 1.4.2016 | 7.2.2017 |
| | ബി.ദിലീപ് | 8.2.2017 | 31.3.2017 |
| പ്രൊജക്ട് ഓഫീസർ | വി. ദീപൻ, ഹെൽത്ത് ഇൻസ്പെക്ടർ | 1.4.2016 | 9.7.2016 |

| | | | |
|---|---|---|---|
| | റോയ് കെ. സൈമൺ | 10.7.2016 | 31.3.2017 |
| ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ | മനു വിശ്വനാഥൻ | 1.4.2016 | 16.3.2017 |
| | ജാസ്മിൻ | 17.3.2017 | 31.3.2017 |
| ക്ഷീര വികസന ഓഫീസർ | പ്രിയ ജോസഫ് | 1.4.2016 | 31.3.2017 |
| അസി. എഞ്ചിനിയർ | ഫിലിപ്പോസ് പണിക്കർ | 1.4.2016 | 18.8.2016 |
| | മേരി കാതറിൻ ജോർജ്ജ് | 19.8.2016 | 31.3.2017 |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെവിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | അയ്യങ്കാളി അർബൻ തൊഴിലുറപ്പ് പദ്ധതി | 1-12 |
| 13 | ഓഡിറ്റ് ഇംപാക്ട് | 1-13 |
| | ഭാഗം 2 | |
| 14 | അധിക FAR ഫീസ് ഈടാക്കിയതിൽ അപാകതകൾ – 36,26,160 രൂപ നഗരസഭയ്ക്ക് നഷ്ടം | 2-1 |
| 15 | ക്രമരഹിതമായി പെർമിറ്റ് നൽകി നഗരസഭക്ക് വൻ വരുമാന നഷ്ടം | 2-2 |
| 16 | ഡി. & ഒ. ലൈസൻസ് -അപാകതകൾ. | 2-3 |
| 17 | വസ്തു നികുതി -അപാകതകൾ | 2-4 |
| 18 | തൊഴിൽ നികുതി അപാകതകൾ | 2-5 |
| 19 | നഗരസഭ കെട്ടിടങ്ങളിലെ വാടക ഈടാക്കിയതിലെ അപാകത | 2-6 |
| 20 | കെ.എസ്.ഇ.ബി ക്ക് നൽകിയ കെട്ടിടത്തിന്റെ വാടക ലഭിക്കുന്നില്ല | 2-7 |

| | | |
|---|---|---|
| 21 | ബിൽഡിംഗ് പെർമിറ്റുമായി ബന്ധപ്പെട്ട മറ്റ് അപാകതകൾ | 2-8 |
| 22 | രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ | 2-9 |
| 23 | ജീവനക്കാരുടെ അഭാവം നഗരസഭ പ്രവർത്തനത്തെ ബാധിക്കുന്നു. | 2-10 |
| 24 | വാർഷിക കണക്കുകളിലെ അപാകതകൾ | 2-11 |
| 25 | സാനിട്ടേഷൻ ടാക്സ്-രജിസ്ററുകളും രേഖകളും സൂക്ഷിക്കുന്നില്ല | 2-12 |
| | ഭാഗം 3 | |
| 26 | ജി.ഐ.എസ് വരിസംഖ്യ കുറവ് അംഗത്വമില്ല | 3-1 |
| 27 | വയോമിത്രം പ്രോജക്ട്- ചെലവുകളുടെ വി ശദാംശങ്ങൾ ഹാജരാക്കിയില്ല | 3-2 |
| 28 | സാക്ഷരതാ പ്രേരകിന്റെ വേതനം തിരികെ ലഭ്യമാക്കേണ്ടതാണ് | 3-3 |
| 29 | ചെലവ് രേഖകൾ ഹാജരാക്കാത്തത് സംബന്ധിച്ച് | 3-4 |
| 30 | വാട്ടർ ചാർജ് ഫൈൻ അടവാക്കി അടച്ചത് നിരാകരിക്കുന്നു | 3-5 |
| 31 | അഡ്വാൻസ് ക്രമീകരിച്ചില്ല | 3-6 |
| 32 | മരുന്നുകൾ ലഭ്യമാക്കുന്നതിൽ കാലതാമസം | 3-7 |
| 33 | ഭവന നിർമ്മാണ പദ്ധതി പൂർത്തീകരിച്ചിട്ടില്ല | 3-8 |
| 34 | വിവിധ കാരണങ്ങളാൽ ചെലവ് തുക 11,71,557/- രൂപ തടസപ്പെടുത്തുന്നു | 3-9 |
| 35 | കോൺക്രീറ്റ് പ്രവൃത്തിക്ക് അധികതുക അനുവദിച്ചത് അംഗീകരിക്കുന്നില്ല | 3-10 |
| 36 | റോഡിൽ കട്ട വിരിക്കുന്ന പ്രവൃത്തിക്ക് അധിക തുക അനുവദിച്ചു | 3-11 |
| 37 | മൃഗാശുപത്രിക്ക് മരുന്നു വാങ്ങൽ-കരാർ നിബന്ധന പാലിച്ചിട്ടില്ല | 3-12 |
| 38 | ഡെപ്പോസിറ്റ് വർക്ക്-തുകയുടെ വിനിയോഗ വിവരം ലഭ്യമല്ല | 3-13 |
| 39 | പെൻഷൻ ഫണ്ട് | 3-14 |
| 40 | സാമൂഹ്യ സുരക്ഷ പെൻഷൻ വിതരണവുമായി ബന്ധപ്പെട്ട അപാകതകൾ | 3-15 |
| | ഭാഗം 4 | |
| 41 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 42 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 43 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 44 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |

| | | |
|---|---|---|
| 45 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 46 | ഓഡിറ്റ് റിക്കവറി | 4-6 |
| 47 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെവിശദാംശം | 4-7 |
| 48 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 49 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 50 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം1 |
| 51 | ബാലൻസ് ഷീറ്റ് | അനുബന്ധം2 |
| 52 | ഇൻകം &എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് | അനുബന്ധം3 |
| 53 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | അനുബന്ധം4 |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

നഗരസഭയുടെ 2016-17-ലെ ബജറ്റ് കൌൺസിലിന്റെ 8.3.16 ലെ-1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.വിശദാംശങ്ങൾ ചുവടെ

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 1,26,84,06,100.81 | 1,20,92,25,000 |
| റെസീപ്റ്റ് & പെയ്മെന്റ് പ്രകാരം | 41,53,70,635 | 34,58,57,184 |
| ഇ.എഫ്.എം.എസ് | 4,89,77,350 | 4,89,77,350 |
| ആകെ | 46,43,47,985 | 39,48,34,534 |
| വ്യത്യാസം | 80,40,58,115.81 | 81,43,90,466 |

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.7.2017 | 31.7.2017 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2016-17 | ഓഡിറ്റ് സമയത്ത് പരിശോധിച്ചു.അപാകതകൾ ഖണ്ഡിക 2-11ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

*(ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.)*

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 4,26,86,017 |
| വരവ് | 41,53,70,635 |
| ആകെ | 45,80,56,652 |
| ചെലവ് | 34,58,57,184 |
| നീക്കിയിരിപ്പ് | 11,21,99,468 |

(റെസീപ്റ്റ് ആൻഡ് പെയ്മെന്റ് പ്രകാരം)

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | അലോട്ട്മെന്റ് | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് പൊതു വിഭാഗം | 0 | 4,10,66,860 | 4,10,66,860 | 4,10,66,860 | 0 |
| വികസന ഫണ്ട് എസ്.സി.പി. | 0 | 2,10,96,898 | 2,10,96,898 | 2,10,96,898 | 0 |
| വികസന ഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 |
| സംരക്ഷണ ഗ്രാന്റ്-റോഡ് | 0 | 1,65,52,137 | 1,65,52,137 | 1,65,52,137 | 0 |
| സംരക്ഷണഗ്രാന്റ്-നോൺ റോഡ് | 0 | 72,73,422 | 72,73,422 | 72,73,422 | 0 |
| 14-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 4,28,89,505 | 4,28,89,505 | 4,28,89,505 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 0 | 0 | 0 | 0 |
| AUEGS | 47,33,219 | 15,24,826 | 62,58,045 | 35,03,238 | 27,54,807 |
| ബി ഫണ്ട് | 0 | 4,89,77,350 | 4,89,77,350 | 4,89,77,350 | 0 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 375 | 48,51,68,796 | 147 | 13,36,10,255 | 3 | 225 | 40 |

ഏറ്റെടുത്ത പദ്ധതികളിൽ 50% പോലും നടപ്പിലാക്കിയിട്ടില്ല. പദ്ധതികൾ ആസൂത്രണ തലത്തിൽ തന്നെ കൃത്യമായി വിശകലനം നടത്തി നടപ്പിലാക്കുവാൻ കഴിയും എന്ന് ഉറപ്പ് വരുത്തി ഏറ്റെടുക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 14.63 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 14,59,46,645 | 16,88,92,159 | 2,29,45,514 | 15.72% |
| നികുതിയേതര വരവുകൾ | 7,07,41,210 | 8,10,85,233 | 1,03,44,023 | 14.62% |
| മറ്റുവരവുകൾ | 18,25,861 | 4,95,960 | (-)13,29,901 | (-) 72.84% |
| ആകെ | 21,85,13,716 | 25,04,73,352 | 3,19,59,636 | 14.63% |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 1,47,840 | 98 |
| കർഷകതൊഴിലാളി പെൻഷൻ | 36,83,310 | 295 |
| വിധവാപെൻഷൻ | 181,39,450 | 1435 |
| വാർദ്ധക്യകാലപെൻഷൻ | 2,20,81,060 | 1823 |
| വികലാംഗപെൻഷൻ | 46,27,930 | 329 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധന സഹായം | 1,80,000 | 6 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള ധനസഹായം | 4,45,600 | 38 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 30.8.2017 ൽ 3pm ന് സൂപ്രണ്ടിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4,72,930/- രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തരനിയന്ത്രണം

1.ഇൻക്യുമ്പൻസി രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. ജീവനക്കാരുടെ പേരും മേൽ വിലാസവും എഴുതി സൂക്ഷിക്കാത്തതിനാൽ ജീവനക്കാർ സ്ഥലം മാറി പോകുകയാണെങ്കിൽ ഈ ജീവനക്കാരുമായി കത്തിടപാടുകൾ നടത്തുന്നതിന് കഴിയാതെ വരുന്നു. രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതാണ്.
2. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ഓരോ വർഷവും ആർജിക്കുന്ന ആസ്തിയുടെ വിവരങ്ങൾ ചേർത്ത് രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.
3.സാംഖ്യയിൽ നിന്നുള്ള പേയ്മെന്റ് വൗച്ചറുകൾ പ്രിന്റെടുത്ത് സൂക്ഷിച്ചിട്ടില്ല. ആയത് പാലിക്കേണ്ടതാണ്.

4.ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. അതിനാൽ ഡെപ്പോസിറ്റ് റീഫണ്ടിന്റെ കൃത്യത പരിശോധിക്കുവാൻ ഓഡിറ്റിൽ സാധിച്ചില്ല.രജിസ്റ്റർ തയ്യാറാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 1.6.2016 | 2015-16 ആദ്യ അർദ്ധവർഷം | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 10.4.2017 മുതൽ 28.4.2017 വരെ | 2015-16 മുതൽ 2016-17 വരെ | 13.6.2017 |

# 1-12 അയ്യങ്കാളി അർബൻ തൊഴിലുറപ്പ് പദ്ധതി

| തൊഴിൽ കാർഡ് നല്കപ്പെട്ടവർ | | | | തൊഴിൽ ആവശ്യപ്പെട്ട വരുടെ എണ്ണം | തൊഴിൽ നല്കപ്പെട്ട വരുടെ എണ്ണം | സൃഷ്ടിക്കപ്പെട്ട തൊഴിൽദിനങ്ങൾ | | | | 100 ദിവസം തൊഴിൽ ലഭിച്ചവർ |
|---|---|---|---|---|---|---|---|---|---|---|
| SC | ST | GEN | Total | | | SC | ST | GEN | Total | |
| 178 | 0 | 137 | 315 | 234 | 234 | 8474 | 0 | 4943 | 13417 | 65 |

| മുന്നിരിപ്പ് | തൻവർഷവരവ് | | ആകെ | ചെലവ് | | നീക്കി യിരിപ്പ് |
|---|---|---|---|---|---|---|
| | വരവ് | പലിശ | | ആകെ ചെലവ് | ആകെ | |
| 47,33,219 | 13,87,840 | 1,36,986 | 62,58,045 | 35,03,238 | 35,03,238 | 27,54,807 |

| | |
|---|---|
| സാങ്കേതികാനുമതി ലഭിച്ച ആകെ പ്രവൃത്തികൾ | 14 |
| പൂർത്തീകരിച്ച ആകെ പ്രവൃത്തികൾ | 14 |
| പ്രവൃത്തികൾക്കു വേണ്ടി ചെലവഴിച്ച തുക | 32,30,646 |
| ഭരണച്ചെലവുകൾക്കായുള്ള തുക | 2,72,592 |
| ആകെ ചെലവ് | 35,03,238 |

## 1-13 ഓഡിറ്റ് ഇംപാക്ട്

1)റോഡ് റീടാറിംഗ് പ്രവൃത്തിയ്ക്ക് അധികതുക അനുവദിച്ചു - 33,715 രൂപ തിരികെ ഒടുക്കി.

S0247/17, കുന്നേപ്പറമ്പ് റോഡ് റീടാറിംഗ് പ്രവൃത്തിയുടെ അഞ്ചാം ഇനം പ്രവൃത്തിയായ 'Premix Seal coat V.G. 30' ന് ഐറ്റം റേറ്റ് കോൺട്രാക്ട് പ്രകാരം കരാറുകാരൻ ക്വോട്ട് ചെയ്തത് ചതുരശ്ര മീറ്ററിന് 63 രൂപയാണ്. എന്നാൽ ബിൽ തയ്യാറാക്കിയപ്പോൾ പ്രസ്തുത ഇനത്തിന് ചതുരശ്ര മീറ്ററിന് 83 രൂപ പ്രകാരം നല്കി. അപാകത ചൂണ്ടികാട്ടി ഓഡിറ്റ് എൻക്വയറി (നമ്പർ 2, തി.8/6/17) നല്കിയതിനെ തുടർന്ന് 13/6/17 ൽ രസീത് നമ്പർ 117020108950 പ്രകാരം അധികം നല്കിയ 33,715 രൂപ നഗരസഭാ ഫണ്ടിൽ തിരികെ ഒടുക്കി. ഈ തുക സർക്കാരിലേക്ക് ഒടുക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2)രസീത് ബുക്ക് നമ്പർ 62905 മുതൽ 62908 വരെ 24/5/16-ൽ പിരിച്ചെടുത്ത തുകയിൽ നഗരസഭാഫണ്ടിൽ കുറവായി അടച്ച തുകയായ 565/- രൂപ ഓഡിറ്റ് എൻക്വയറി (നം 9തീ13.6.17)നൽകിയതിനെത്തുടർന്ന് രസീത് നമ്പർ 01/117020109147 തീ.15.6.17 പ്രകാരം നഗരസഭാഫണ്ടിൽ അടവാക്കി.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 അധിക എഫ്.എ.ആർ ഫീസ് ഈടാക്കിയതിൽ അപാകത - 36,26,160 രൂപ നഗരസഭയ്ക്ക് നഷ്ടം.

പെർമിറ്റ് നം.-എ1-3688/2009/24.11.16
ജോർജ്ജ്.ഇ.ജോർജ്ജ്

മേൽ പെർമിറ്റിലുള്ള കെട്ടിടത്തിന്റെ പ്ലാനിൽ വിവിധ വലുപ്പത്തിലുള്ള ഓഫീസ്

കെട്ടിടങ്ങളാണ് കാണുന്നത്. ഗ്രൗണ്ട് ഫ്ളോറിലും ഒന്ന്,രണ്ട് നിലകളിലും 1500 സ്ക്വയർ മീറ്ററിൽ അധികം പ്ളിന്ത് ഏരിയ ഉള്ള രണ്ട് ഓഫീസുകളും മറ്റ നിലകളിൽ (3 മുതൽ 9 വരെ) ഇതേ വിസ്തീർണ്ണമുള്ള 4,6 എന്നിങ്ങനെ എണ്ണം ഓഫീസുകളുമാണ് ഉള്ളത്. 9-ം നിലയിൽ 3 കോൺഫറൻസ് ഹാളുമുണ്ട്. മേൽ കെട്ടിടം കേരള മുൻസിപ്പാലിറ്റി ബിൽഡിംഗ് റൂൾസ് -1999 സെക്ഷൻ 30 (3) എഫ് പ്രകാരം ഗണം ഇ യിലാണ് ഉൾപ്പെടുക. എന്നാൽ കമ്മേർഷ്യൽ കെട്ടിടങ്ങൾക്കുള്ള ഗണം എഫിൽ ഉൾപ്പെടുത്തി അധിക എഫ്.എ.ആർ കണക്കാക്കിയത് കാരണം നഗരസഭക്ക് വൻ തുക നഷ്ടം വന്നതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്ലാൻ പ്രകാരമുള്ള എഫ്.എ.ആർ ഏരിയ-6938.72 ച.മീ
പ്ലോട്ട് ഏരിയ ( ഹാജരാക്കിയ ഭൂനികുതി രസീത് പ്രകാരം )

(എ)-സർവ്വെ നം-549/7-12.5 ആർ
(ബി)-സർവ്വെ നം-549/8-7.45 ആർ
(സി)-സർവ്വെ നം-549/9-4.05 ആർ

ആകെ 24.00 ആർ (കണയന്നൂർ താലൂക്ക് വാഴക്കാല വില്ലേജ് രസീത് നം.4073234തി-14.10.09,4285813തി-22.12.10 എന്നിവ പ്രകാരം)

ആകെ പ്ലോട്ട് ഏരിയ-24*100 = 2400 ച.മീ
അധികഫീസില്ലാതെ അനുവദിക്കാവുന്ന എഫ്.എ.ആർ ഏരിയ = 2*2400=4800 ച.മീ (ഗണം.ഇ)
അധിക എഫ്.എ.ആർ ഏരിയ = 6938.72-4800 = 2138.72
ഒടുക്കേണ്ട അധിക ഫീസ് = 2138.72*3000 = 64,16,160 രൂപ
ഒടുക്കിയ തുക = 27,90,000 ( രസീത്.നം-11602400083 തി-24.11.2016)
ഒടുക്കിയതിൽ കുറവ് = 64,16,160-27,90,000 = 36,26,160 രൂപ

കുറവ് തുക കെട്ടിട ഉടമയിൽ നിന്ന് ഈടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം എ.എക്സ്.ഇ, എ.ഇ എന്നിവരുടെ തുല്യ ബാദ്ധ്യതയായി കണക്കാക്കി പ്രസ്തുത ഉദ്യോഗസ്ഥരിൽ നിന്ന് തുക ഈടാക്കേണ്ടതാണ്.

## 2-2 ക്രമരഹിതമായി പെർമിറ്റ് നല്കി.നഗരസഭക്ക് വൻ വരുമാനനഷ്ടം

പെർമിറ്റ് നം-ടി.പി1-14738/15
M/s ജയിൻ ഹൌസിംഗ് പ്രൈവറ്റ് ലിമിറ്റഡ്
മേൽ പെർമിറ്റ് പ്രകാരം റെഹലറൈസ് ചെയ്ത ഫ്ളാറ്റ് സമുച്ചയത്തിന്റെ വിശദവിവരം താഴെ ചേർക്കുന്നു.

1.31.08.2006 ൽ എൻ.ഒ.സി നല്കിയതായി നഗരസഭ അവകാശപ്പെടുന്നു.എൻ.ഒ.സി രജിസ്റ്ററിൽ പേജ്-2 ൽ (വോള്യം-2) ക്രമ നം.5 പ്രകാരം എം.ജെ.ലൂയിസ് മുതൽ പേർക്ക് 35321.94 ച.മീ ലാൻഡ് ഏരിയയിൽ ഗ്രൌണ്ട് ഫ്ളോർ+19 നിലകളിലായി 8 ബ്ളോക്കുകളിൽ പണികഴിപ്പിക്കാനുദ്ദേശിക്കുന്ന വൻ ഫ്ളാറ്റ് സമുച്ചയമാണിത്.

2.എഫ്.എ.ആർ-3.987,കവറേജ്-20.75,പ്ളിന്ത് ഏരിയ-1,92,637.8 ച.മീ

3.ഗ്രൌണ്ട് ഫ്ളോർ +1 നിർമ്മാണം ആരംഭിച്ചതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്ന് നോട്ട് ഫയലിൽ കാണുന്നു.

4.ടി എൻ.ഒ.സി യുമായി ബന്ധപ്പെട്ട ഫയലോ മറ്റ് രേഖകളോ ഒന്നും നഗരസഭയിൽ ഇല്ലെന്നും മേൽ സൂചിപ്പിച്ച എല്ലാ കാര്യങ്ങളും സംബന്ധിച്ച രേഖകളുടെ പകർപ്പുകൾ അപേക്ഷകനാണ് ഹാജരാക്കിയിരിക്കുന്നതെന്നും നോട്ട് ഫയലിൽ കാണുന്നു.

5.ലാൻഡ് ഏരിയ
സർ വ്വെ നം-483/14 ( കരമടച്ച രസീത് ഇല്ല)
സർ വ്വെ നം-485/1-121.41 ആർ
സർ വ്വെ നം-485/1-159.11 ആർ
സർ വ്വെ നം-485/1-58.48 ആർ
സർ വ്വെ നം-484/7-8.49 ആർ

ആകെ കരമടച്ച ലാൻഡ് ഏരിയ-347.49 ആർ (കണയന്നൂർ താലൂക്ക്, കാക്കനാട് വില്ലേജ്, നം. 4936974 തി-18.03.16)
അതായത് 347.49*100=34,749 ച.മീ

6. കരമടച്ച രസീത് പ്രകാരം മേൽ സ്ഥലമെല്ലാം നിലം എന്ന പേരിലാണ് കാണുന്നത്.

7. 8 ബ്ളോക്കുകളിൽ 2 ബ്ളോക്കുകളുടെ നിർമ്മാണം പൂർത്തീകരിച്ചതിന് ശേഷമാണ് റഗുലറൈസ് ചെയ്യാൻ വരുന്നത്.മറ്റു ബ്ളോക്കുകളുടെയും നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നതായി നോട്ട് ഫയലിൽ കാണുന്നു.

8.ഈടാക്കിയ പെർമിറ്റ് ചാർജ്ജ്-1,92,638*2*7=26,96,932=27,97,000(രസീത് നം.11602500063 തി-15.06.2016)

9.എഫ്.എ.ആർ ഏരിയ-1,39,886
അനുവദനീയമായ ഏരിയ-35084.62(നഗരസഭ കണക്കാക്കിയ ലാൻഡ് ഏരിയ)*3=1,05,254

അധികഫീസ് ഈടാക്കാവുന്ന ഏരിയ=1,39,886-1,05,254=34,632*1000(നഗരസഭ ഈടാക്കിയ അധികചാർജ്ജ്)=3,46,32,000(രസീത് നം.11602500064 തി-15.06.2016)

മേൽ വസ്തുതകളും രേഖകളും പരിശോധിച്ചപ്പോൾ കണ്ടെത്തിയ ക്രമക്കേടുകൾ താഴെ ചേർക്കുന്നു.

1.പ്രസ്തുത പെർമിറ്റിന്റെ ഏറ്റവും അടിസ്ഥാന രേഖയായ എൻ.ഒ.സി.രജിസ്ററർ ആവർത്തിച്ചാവശ്യപ്പെട്ടിട്ടും ഓഡിറ്റിൽ ഹാജരാക്കിയില്ല. പ്രസ്തുത രജിസ്റ്റർ നഗരസഭയിൽ ഇല്ലാതിരുന്നതുകൊണ്ട് അപേക്ഷകൻ ഹാജരാക്കിയ രേഖകളുടെ ആധികാരികത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

2.കരമടച്ച രസീത് പ്രകാരം ലാൻഡ് ഏരിയ 34,749 ച.മീ ആണ്.എന്നാൽ എഫ്.എ.ആർ നിർണ്ണയത്തിനുപയോഗിച്ചത് 35,084.62 ച.മീ ആണ്.

3.കേരളസർക്കാർ തൃക്കാക്കര നഗരസഭക്ക് നല്കിയ 03.07.2007 ലെ തദ്ദേശസ്വയംഭരണ (ആർ.ബി.) വകുപ്പ് 37348 /ആർ.ബി1/07 /ത.സ്വ.ഭ.വ നം സ്പഷ്ടീകരണ ഉത്തരവ് പ്രകാരം 01.08.2006 മുതൽ എൻ.ഒ.സി ലഭിച്ചതും അല്ലാതെയും നിർമ്മാണം നടക്കുന്നതുമായ കെട്ടിടങ്ങളേക്കുറിച്ചുള്ള എല്ലാ വിവരങ്ങളും ലൊക്കേഷൻ പ്ലാൻ, ബിൽഡിംഗ് പ്ലാൻ, സെക്ഷൻ, എലിവേഷൻ, പ്ലിന്ത് ഏരിയ, നിലകളുടെ എണ്ണം, എഫ്.എ.ആർ കവറേജ് സഹിതം അന്നത്തെ പഞ്ചായത്ത് സെക്രട്ടറി

ശേഖരിക്കേണ്ടതും കൂടാതെ കെട്ടിടത്തിന്റെ തൽസ്ഥിതിയേക്കുറിച്ചറിയുന്നതിന് കെട്ടിടത്തിന്റെ പല ദിശകളിൽ നിന്നുള്ള ഫോട്ടോകളും ശേഖരിക്കേണ്ടതുമാണ്. കൂടാതെ മേൽ വിവരങ്ങൾ ഒരു പ്രത്യേക രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും നിർമ്മാണത്തിന്റെ സ്ഥിതി അന്വേഷണ ഉദ്യോഗസ്ഥൻ (അസി.എൻജിനീയർ/ ഓവർസീയർ) സ്ഥലപരിശോധന നടത്തി തീയതി സഹിതം സർട്ടിഫൈ ചെയ്യേണ്ടതുമാണ്. ഇത്തരത്തിലുള്ള യാതൊരു രജിസ്റ്ററും ഓഡിറ്റിൽ ഇതുവരെ ഹാജരാക്കിയിട്ടില്ല.

4.എൻ.ഒ.സി ലഭിച്ചതും എന്നാൽ നിർമ്മാണം ആരംഭിച്ചിട്ടില്ലാത്തതുമായ കെട്ടിടങ്ങൾ,എൻ.ഒ.സി വാങ്ങിച്ചിട്ടുള്ളതും എന്നാൽ ഗ്രൗണ്ട് ലെവലിന് മുകളിലേക്കു നിർമ്മാണം ആരംഭിച്ചിട്ടില്ലാത്തതുമായ കെട്ടിടങ്ങൾ എന്നിവയ്ക്ക് കെ.എം.ബി.ആർ ബാധകമാക്കി പെർമിറ്റ് നൽകി മാത്രമേ നിർമ്മാണം അനുവദിക്കാവൂ.കൂടാതെ നിർമ്മാണം നടത്തിക്കൊണ്ടിരിക്കുന്ന കെട്ടിടത്തിൽ എൻ.ഒ.സി ലഭിച്ചതിലും കൂടുതൽ നിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ അവ കെട്ടിട നിർമ്മാണ ചട്ടത്തിന് അനുസൃതമാണെങ്കിൽ മാത്രമേ അനുവദിക്കാവൂ.ഫോട്ടോകളുടെയും മറ്റ് രേഖകളുടെയും അഭാവത്തിൽ പ്രസ്തുത ഫ്ളാറ്റ് സമുച്ചയത്തിന് മേൽ സൂചിപ്പിച്ച നിബന്ധനകൾ ബാധകമാണോ അല്ലയോ എന്നത് സംബന്ധിച്ച് വ്യക്തമായി ഉറപ്പിക്കാൻ സാധിച്ചിട്ടില്ല.

5. 31.08.2016 ൽ എൻ.ഒ.സി വാങ്ങിയ മേൽകെട്ടിടത്തിന്റെ രണ്ടുനിലകളുടെ നിർമ്മാണം പൂർത്തിയായി കെട്ടിട നമ്പർ ലഭിക്കേണ്ട സമയത്ത് മാത്രമാണ് റെഗുലറൈസ് ചെയ്യാൻ എത്തിയത്.പ്രസ്തുത കെട്ടിടത്തിന് 2013ഌ മുൻപിലത്തെ നിരക്കായ 1000 രൂപ പ്രകാരമാണ് അധിക എഫ്.എ.ആർ നിരക്ക് കണക്കാക്കിയത്. 08.09.2010 ലെ നം.9877/ആർ.ഡി2/2010/എൽ.എസ്.ജി.ഡി പ്രകാരം പ്രിൻസിപ്പൽ സെക്രട്ടറിയുടെ സ്പഷ്ടീകരണത്തിൽ അപേക്ഷയുടെ തിയതിയല്ല മറിച്ച് പെർമിറ്റ് അനുവദിക്കുന്ന ദിവസത്തിലെ നിയമപ്രകാരമാണ് പെർമിറ്റ് നൽകേണ്ടതെന്ന് സൂചിപ്പിച്ചിട്ടുണ്ട്.2016-ജ്രൂൺ മാസത്തിലാണ് അധിക എഫ്റെ.എ.ആർ ഫീസ് ഒടുക്കി റെഗുലറൈസ് ചെയ്യുന്നതെന്ന് ഹാജരാക്കിയ രേഖകളിൽ നിന്ന് വ്യക്തമാകുന്നു.ഈ സാഹചര്യത്തിൽ ച.മീറ്ററിന് 3000 രൂപയാണ് ഈടാക്കേണ്ടത്.ഏഴ് കോടിയിലധികം രൂപ കുറവാണ് ഈടാക്കിയിരിക്കുന്നത്.സമാനമായ ക്രമക്കേട് 2015-16 ലും ഓഡിറ്റ് ചൂണ്ടിക്കാണിച്ചിരുന്നു .എൻ.ഒ.സി നല്കിയ കെട്ടിടങ്ങൾക്ക് കെ.എം.ബി.ആർ ബാധകമല്ല എന്ന മറുപടിയാണ് നഗരസഭ നല്കിയത്. കെ.എം.ബി.ആർ ബാധകമല്ലെങ്കിൽ പിന്നെ അധിക എഫ്.എ.ആർ നിരക്ക് ഈടാക്കേണ്ട കാര്യമില്ല.

6. എൻ.ഒ.സി നല്കി എന്ന ഒറ്റക്കാരണത്താൽ കെ.എം.ബി.ആർ ബാധകമാകാതിരിക്കില്ല.നേരത്തെ സൂചിപ്പിച്ച 03.07.2007 ലെ തദ്ദേശസ്വയംഭരണ (ആർ.ബി.) വകുപ്പ് 37348 /ആർ.ബി1/07 /ത.സ്വ.ഭ.വ നം സ്പഷ്ടീകരണ ഉത്തരവിന്റെ പരിധിയിൽ വരുന്ന കെട്ടിടങ്ങൾക്കു മാത്രമാണ് കെ.എം.ബി.ആർ ബാധകമാകാതിരിക്കുന്നത്.മേൽ കെട്ടിടം ഇത്തരത്തിൽ കെ.എം.ബി.ആർ ബാധകമല്ലാത്ത കെട്ടിടമാണെന്ന് നഗരസഭക്ക് തെളിയിക്കാൻ കഴിയാത്ത സാഹചര്യത്തിൽ ആയത് കെ.എം.ബി.ആർ ബാധകമാകുന്ന കെട്ടിടമാണെന്ന നിഗമനത്തിലേക്ക് ഓഡിറ്റ് എത്തുന്നു.

7.കെട്ടിടം നിർമ്മിക്കുന്ന സ്ഥലം കരമടച്ച രസീത് പ്രകാരം നിലമാണ്.2008 ലെ കേരള നെൽ വയൽ തണ്ണീർത്തട സംരക്ഷണ നിയമം നിലവിൽ വരുന്നതിന് മുൻപാണ് എൻ.ഒ.സി നല്കിയിരിക്കുന്നതായി നഗരസഭ അവകാശപ്പെടുന്നത്.എന്നാൽ മേൽകെട്ടിടത്തിന്റെ ഒരു ബ്ലോക്കിന്റെ നിർമ്മാണം മാത്രമേ ആരംഭിച്ചതായി കാണുന്നുള്ളൂ.മറ്റ് ബ്ലോക്കുകൾ എന്ന് നിർമ്മാണം തുടങ്ങിയെന്ന് വ്യക്തമല്ല.കേരള നെൽ വയൽ തണ്ണീർത്തട സംരക്ഷണ നിയമം വന്നതിന് ശേഷവും നിലം നികത്തി കെട്ടിടം പണിയാനുള്ള സാഹചര്യവും ഇവിടെയുണ്ട്.

8.ഓരോ ഫ്ലോറിലെയും എഫ്.എ.ആർ ഏരിയ കണക്കാക്കുന്നതിൽ നിന്നും ഒഴിവാക്കിയ സ്ഥലങ്ങളുടെ വിശദാംശങ്ങൾ ഫയലിൽ ഇല്ല. നാഷണൽ ബിൽഡിംഗ് കോഡിൽ സൂചിപ്പിച്ചിട്ടുള്ള ലിഫ്റ്റ് ഹാൻഡ്ലിംഗ് കപ്പാസിറ്റി,സ്കൂട്ടർ പാർക്കിംഗ് ഏരിയ എന്നിവയുടെ വിശദാംശങ്ങളും ഫയലിൽ ഇല്ല.

ഓഡിറ്റ് നിർദ്ദേശം.

തൃക്കാക്കര പഞ്ചായത്തിൽ കെ.എം.ബി.ആർ നിലവിൽ വന്ന 06.11.2006 ന് മുൻപ് എൻ.ഒ.സി അനുവദിച്ച പ്രസ്തുത കെട്ടിടം മേൽ തിയതിയിൽ നിർമ്മാണം ആരംഭിച്ചിരുന്നോ എന്നുള്ളതും കരമടച്ച രസീത് പ്രകാരം ഇപ്പോഴും നിലമായി കാണപ്പെടുന്ന കെട്ടിടം നിർമ്മിക്കുന്ന സ്ഥലം കേരള നെൽ വയൽ തണ്ണീർത്തട സംരക്ഷണ നിയമം നിലവിൽ വന്ന 12.08.2008 ന് മുൻപ് നികത്തിയ ഭൂമിയാണോ എന്നുള്ളതുമാണ് തെളിയിക്കപ്പെടേണ്ട സുപ്രധാന വസ്തുതകൾ. 26.07.2017 ലെ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ ടി.എ2 18988/16 ഉത്തരവ് പ്രകാരം 12.08.2008 ന് മുൻപും ശേഷവും ഉള്ള ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്തോടെ ഭൂമിയുടെ സ്വഭാവം നിശ്ചയിക്കാമെന്ന് കാണുന്നുണ്ട്.പ്രസ്തുത സാങ്കേതിക വിദ്യ ഉപയോഗിച്ച് 06.11.2006 ന് മുൻപ് കെട്ടിടം നിർമ്മാണം ആരംഭിച്ചിരുന്നോ എന്നും 12.08.2008 ന് മുൻപ് നികത്തിയ ഭൂമിയാണോ എന്നും കണക്കാക്കാൻ കഴിയുമെങ്കിൽ പ്രസ്തുത മാർഗ്ഗം സ്വീകരിക്കാൻ ഓഡിറ്റ് നിർദ്ദേശിക്കുന്നു. ഓഡിറ്റ് റിപ്പോർട്ട് ലഭിച്ച് രണ്ട് മാസത്തിനകം ലഭ്യമാക്കേണ്ട ആദ്യ മറുപടിയിൽ മേൽ മാർഗ്ഗം ഉപയോഗിച്ചോ മറ്റേതെങ്കിലും രേഖകൾ പ്രകാരമോ പ്രസ്തുത കെട്ടിടം കെ.എം.ബി.ആർ ബാധകമാകാത്ത കെട്ടിടമാണെന്ന് തെളിയിക്കാത്ത പക്ഷം ആയത് കെ.എം.ബി.ആർ ബാധകമാകുന്ന കെട്ടിടമാണെന്ന് കണക്കാക്കുകയും അധിക എഫ്.എ.ആർ ഇനത്തിൽ ലഭിക്കേണ്ട തുക വരവ് നഷ്ടമായി കണക്കാക്കുമെന്നും അറിയിക്കുന്നു.കൂടാതെ എൻ.ഒ.സി രജിസ്റ്റർ പ്രകാരം ഇനിയും റെഗുലറൈസ് ചെയ്യാത്ത കെട്ടിടങ്ങളുടെ നഗരസഭയുടെ കൈവശമുള്ള എല്ലാ വിവരങ്ങളും ഓഡിറ്റിൽ ഹാജരാക്കാനും നിർദ്ദേശിക്കുന്നു.

കെ.എം.ബി.ആർ ബാധകമാകുന്ന സാഹചര്യത്തിൽ നഗരസഭക്ക് സംഭവിക്കുന്ന നഷ്ടം.
കരമടച്ച രസീത് പ്രകാരമുള്ള ലാൻഡ് ഏരിയ-34,749 ച.മീ
അനുവദനീയമായ എഫ്.എ.ആർ-34749*3=1,04,247
അധിക എഫ്.എ.ആർ ഏരിയ=1,39,886-1,04,247=35,639
അധിക എഫ്.എ.ആർ നിരക്ക്=35,639*3000=10,69,17,000രൂപ
ഈടാക്കിയ തുക=3,46,32,000 രൂപ
ഈടാക്കേണ്ട തുക=7,22,85,000രൂപ

## 2-3 ഡി & ഒ ലൈസൻസ്-അപാകതകൾ

1. വാർഡ് തിരിച്ച് സ്ഥാപനങ്ങളുടെ ഡി & ഒ ലൈസൻസ് രജിസ്റ്ററുകൾ തയ്യാറാക്കുന്നുണ്ടെങ്കിലും രജിസ്റ്ററിൽ ഡി & ഒ ലൈസൻസ് ഫീ ഡിമാന്റും സ്ഥാപനങ്ങളുടെ വിവരങ്ങളും മാത്രം എഴുതി സൂക്ഷിയ്ക്കുകയാണ് ചെയ്യുന്നത്. ഡി & ഒ ലൈസൻസ് ഫീ അടച്ചതിന്റെ റസിപ്റ്റ് വിവരങ്ങൾ ചേർത്തിട്ടില്ല.ആയതിനാൽ സ്ഥാപനങ്ങളിൽ നിന്നും ഡി & ഒ ലൈസൻസ് ഫീ പിരിച്ചെടുത്തിട്ടുണ്ട് എന്ന് ഉറപ്പാക്കാനാവുന്നില്ല. ധനകാര്യപത്രിക പ്രകാരമുള്ള വരവും രജിസ്റ്റർ പ്രകാരമുള്ള വരവുകളും റീകൺസൈൽ ചെയ്ത് ഡി സി ബി തയ്യാറാക്കുന്നില്ല. ഡി & ഒ ലൈസൻസ് ഫീ ഈടാക്കുന്നതിനായി ബൈ ലോ തയ്യാറാക്കി അംഗീകരിച്ചിട്ടുള്ളതായി കാണുന്നില്ല. വിവിധ സ്ഥാപനങ്ങളുടെ ഡി & ഒ ലൈസൻസ് ഫീ കണക്കാക്കുന്നതിനുള്ള അടിസ്ഥാനവും പിരിച്ചെടുത്ത ഫീസും അതിന്റെ കൃത്യതയും ഉറപ്പാക്കാനാവുന്നില്ല. നഗരസഭാ പ്രദേശത്ത് പ്രവർത്തിയ്ക്കുന്ന റേഷൻ ഷോപ്പുകൾ, മാവേലി സ്റ്റോറുകൾ, ബിവറേജസ് കോർപറേഷൻ വിൽപനകേന്ദ്രം എന്നിവയിൽ നിന്ന് ഡി. & ഒ. ലൈസൻസ് ഫീ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. ഡി & ഒ ലൈസൻസ് രജിസ്റ്ററുകൾപ്രകാരം ഡി & ഒ ലൈസൻസ് 2614 അപേക്ഷകൾ ലഭിച്ചിട്ടുണ്ട് എങ്കിലും 2016-17 വർഷം 666 സ്ഥാപനങ്ങൾക്ക് മാത്രമാണ് ഹെൽത്ത് ഇൻസ്പെക്ടർ ഒപ്പുവച്ച ലൈസൻസുകൾ തയ്യാറാക്കി നൽകിയിട്ടുള്ളത്. ഇത് ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിയ്ക്കുന്നതിന് സമാനമായതിനാൽ സെക്രട്ടറിയുടെ ഭാഗത്തുനിന്നുള്ള ഗുരുതരമായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു.

3. മുൻ വർഷത്തെ ഡി & ഒ ലൈസൻസ് രജിസ്റ്ററുകളുമായി താരതമ്യം ചെയ്താൽ വാർഡ് തിരിച്ചുള്ള സ്ഥാപനങ്ങളുടെ എണ്ണത്തിൽ ഗണ്യമായ വ്യത്യാസം കാണുന്നു.ഇത്തരത്തിൽ സ്ഥാപനങ്ങളുടെ എണ്ണത്തിൽ വ്യത്യാസം ഉണ്ടാകുന്നത് എല്ലാ സ്ഥാപനങ്ങളും ഉൾപ്പെടുത്തി രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല എന്നതിന് തെളിവാണ്.

| ക്രമ നം | 2015-16 മുൻ വർഷ സ്ഥാപനം | 2015-16 പുതിയ സ്ഥാപനങ്ങളെ ഉൾപ്പെടുത്തി ആകെ | 2016-17 മുൻ വർഷ സ്ഥാപനം | 2016-17 പുതിയ സ്ഥാപനങ്ങളെ ഉൾപ്പെടുത്തി ആകെ | വ്യത്യാസം |
|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (3) – (4) (6) |
| 1 | 80 | 98 | 71 | 101 | 27 |
| 2 | 161 | 171 | 162 | 201 | 9 |
| 3 | 171 | 185 | 142 | 193 | 43 |
| 4 | 102 | 129 | 78 | 114 | 51 |
| 5 | 144 | 184 | 146 | 187 | 38 |
| 6 | 166 | 201 | 159 | 210 | 42 |
| 7 | 274 | 317 | 247 | 313 | 70 |
| 8 | 49 | 59 | 372 | 379 | -313 |
| 9 | 126, | 146 | 120 | 166 | 26 |
| 10 | 200 | 238 | 185 | 201 | 53 |
| 11 | 176 | 241 | 139 | 198 | 102 |
| 12 | 96 | 124 | 102 | 133 | 22 |
| 13 | 82 | 100 | 84 | 108 | 16 |
| 14 | 88 | 120 | 76 | 109 | 44 |
| ആകെ | | | | 2614 | |

ഈ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഒഡിറ്റ് എൻക്വയറി 5-ന് അപാകതകൾ പരിഹരിയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന മറുപടിയാണ് നൽകിയിട്ടുള്ളത്. അപാകതകൾ പരിഹരിയ്ക്കുന്നതിനുള്ള നടപടികൾ എത്രയും വേഗം സ്വീകരിക്കേണ്ടതാണ്.ധനകാര്യപത്രിക പ്രകാരമുള്ള വരവും രജിസ്റ്റർ പ്രകാരമുള്ള വരവും റീകൺസൈൽ ചെയ്ത് ഡി സി ബി തയ്യാറാക്കി രജിസ്റ്റർ

പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.

## 2-4 വസ്തു നികുതി-അപാകതകൾ

1. വസ്തു നികുതി ഡിമാന്റ് റജിസ്റ്റർ, വസ്തു നികുതി അരിയർ ഡിമാന്റ് റജിസ്റ്റർ, എന്നിവ തയ്യാറാക്കി പരിശോധനയ്ക്കായി നൽകിയിട്ടില്ല. വസ്തു നികുതി ഡിമാന്റ്, അരിയർ ഡിമാന്റ് എന്നിവ കണക്കാക്കുന്നതിന് യാതൊരു രേഖകളും നഗരസഭ സൂക്ഷിയ്ക്കുന്നില്ല. ഈ അപാകത 2015-16ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിട്ടുണ്ടെങ്കിലും നടപടി ഉണ്ടായിട്ടില്ല. സാഖ്യ അക്കൌണ്ട് പ്രകാരം കളക്ഷൻ രേഖപ്പെടുത്തുകയും കൃത്യതയില്ലാതെ തൻവർഷ ഡിമാന്റ് അക്കൌണ്ടിൽ രേഖപ്പെടുത്തുന്നതും കാരണം ധനകാര്യ പത്രികയിലെ തൻവർഷ വരവിനും കുടിശ്ശിക ഡിമാന്റ് തുകകൾക്കും യാതൊരു അടിസ്ഥാനവുമില്ല. ഇക്കാരണത്താൽ നഗരസഭയ്ക്ക് ലഭിക്കേണ്ട എല്ലാ നികുതി വരുമാനവും ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനോ നഷ്ടം തിട്ടപ്പെടുത്തുന്നതിനോ കഴിയുന്നില്ല.ഇത്തരത്തിൽ ആധികാരികതയില്ലാത്ത കണക്കുകൾ അക്കൌണ്ടിൽ ഉൾപ്പെടുത്തുന്നതും വരുമാനഷ്ടം സംഭവിയ്ക്കുന്നത് തടയാൻ നടപടി എടുക്കാത്തതും സെക്രട്ടറിയുടെ ഭാഗത്തുനിന്നുള്ള ഗുരുതര വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു.

2. 2011-ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരമുള്ള വസ്തുനികുതി പരിഷ്കരണം നഗരസഭയിൽ പൂർണ്ണമായും നടപ്പിലാക്കിയിട്ടില്ല.വസ്തുനികുതി ചട്ടങ്ങൾ പ്രകാരവും അനുബന്ധ ഉത്തരവുകൾ പ്രകാരവുംനിർദ്ദേശിച്ചിട്ടുള്ള, വിവിധ ഉപയോഗക്രമത്തിൽ ഉള്ള കെട്ടിടങ്ങൾക്കുള്ള വസ്തുനികുതി നിരക്കുകൾ നഗരസഭയിൽ നിശ്ചയിച്ചിട്ടുണ്ട്. 1.4.2013-മുതൽ വസ്തുനികുതി നിർണ്ണയിച്ച കെട്ടിടങ്ങൾക്ക് പുതുക്കിയ നിരക്കിലാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്. 1.4.2013-ന് ശേഷം ഘടനാപരമായ മാറ്റം സംഭവിക്കുകയോ ,ഉപയോഗക്രമത്തിൽ മാറ്റം വരുകയോ ചെയ്ത കെട്ടിടങ്ങൾക്കു മാത്രമാണ് നിലവിൽ വസ്തുനികുതി പുതുക്കി നിർണ്ണയിച്ചിട്ടുള്ളത്. പ്രസ്തുത കാലയളവിന് മുമ്പ് നഗരസഭയിൽ നിലവിലുള്ള കെട്ടിടങ്ങളുടെ നികുതി പരിഷ്കരണം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്. നഗരസഭാപരിധിയിലുള്ള എല്ലാ കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിച്ചതിന്റെ വിവരങ്ങൾ 'സഞ്ചയ'യിൽ പൂർണ്ണമായും ചേർക്കേണ്ടതുമാണ്.

3. വസ്തു നികുതി നിർണ്ണയത്തിനായി പുതിയചട്ടങ്ങൾ പ്രകാരമുള്ള രജിസ്ററർ ഉപയോഗിയ്ക്കുന്നില്ല. വസ്തു നികുതി നിർണ്ണയത്തിനാവശ്യമായ എല്ലാ വിവരങ്ങളും രജിസ്റ്ററിൽ ചേർത്ത് രജിസ്ററർ തയ്യാറാക്കേണ്ടതാണ്.ഈ അപാകതകൾക്കുള്ള പരിഹരിയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.വസ്തു നികുതി ഡിമാന്റ് റജിസ്റ്റർ, വസ്തു നികുതി അരിയർ ഡിമാന്റ് രജിസ്റ്റർ, എന്നിവ തയ്യാറാക്കി രജിസ്റ്റർ പ്രകാരമുള്ള വരവുകൾ റീകൺസൈൽ ചെയ്ത് ഡി സി ബി തയ്യാറാക്കി പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.

## 2-5 തൊഴിൽ നികുതി-അപാകതകൾ

1. ജീവനക്കാരുടെ തൊഴിൽ നികുതി രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിയ്ക്കുന്നില്ല. 2015-16 വർഷത്തിൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ അക്ഷരമാലാക്രമത്തിൽ എഴുതുകയും 2016-17-ൽ സ്ഥാപനങ്ങളുടെ ഇനം തിരിച്ച് എഴുതുകയും ചെയ്തു. സ്ഥാപനങ്ങളുടെ പൂർണ്ണമായ ലിസ്റ്റ് തയ്യാറാക്കേണ്ടതും ലിസ്റ്റിലെ ക്രമപ്രകാരം എല്ലാ വർഷവും രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതുമാണ്. അത്തരത്തിലല്ലാതെ രജിസ്റ്ററുകൾ സൂക്ഷിയ്ക്കുന്നതിനാലും എല്ലാ സ്ഥാപനങ്ങളുടെയും രജിസ്റ്ററുകളും തൊഴിൽ നികുതി പത്രികകളും പരിശോധനയ്ക്ക് നൽകാത്തതിനാലും എല്ലാ സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതിപിരിച്ചെടുത്തിട്ടുണ്ട് എന്ന് ഉറപ്പാക്കാനായിട്ടില്ല. ഗവൺമെന്റ് ഓഫീസുകൾ, സ്കൂളുകൾ, ബാങ്കുകൾ, എന്നീ സ്ഥാപനങ്ങളുടെ വിവരങ്ങൾ ചേർത്ത ഒന്നാം അർദ്ധ വർഷത്തെ രജിസ്റ്റർ മാത്രമാണ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുള്ളത്. തൊഴിൽ നികുതി റിട്ടേണുകൾ പരിശോധനയ്ക്ക് നൽകാത്തതിനാൽ കൃത്യത ഉറപ്പാക്കാനായിട്ടില്ല.

തൊഴിൽ നികുതി രജിസ്റ്ററുകൾ കൃത്യമായി എഴുതി ഡി സി ബി പത്രികകൾ തയ്യാറാക്കി പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.

2. ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

പരിശോധനയ്ക്ക് നൽകിയ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ,സ്ഥാപനങ്ങളുടെ പത്രികകൾ എന്നിവയുടെ പരിശോധനയിൽ താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല വിശദാംശങ്ങൾ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനം |
|---|---|
| 1 | തൃക്കാക്കര മുനിസിപ്പാലിറ്റി |
| 2 | എം ഇ, എൽ എസ് ജി ഡി തൃക്കാക്കര മുനിസിപ്പാലിറ്റി |
| 3 | വെജിറ്റബിൾ ഫ്രൂട്ട് പ്രൊമോഷൻ കൌൺസിൽ |
| 4 | ഇൻസ്പെക്ടർ ലീഗൽ മെട്രോളജി |
| 5 | അസിസ്റ്റന്റ് എഞ്ചിനീയർ പി ഡബ്ളയു റോഡ് |
| 6 | സെൻട്രൽ വെയർ ഹൌസ് കോർപറേഷൻ |
| 7 | ഹിന്ദി ടീച്ചിങ്ങ് സ്കീം |
| 8 | പ്രസ്സ് ഇൻഫോർമേഷൻ ബ്യൂറൊ |
| 9 | ഫീൽഡ് ഇൻഫോർമേഷൻ ഓഫീസ് |
| 10 | ഗവ. യു പി എസ് പടമുഗൾ |
| 11 | ഇൻഫന്റ് ജീസസ് എൽ പി എസ് |
| 12 | എസ് ബി ടി വാഴക്കാല |
| 13 | എസ് ബി ടി സിവിൽ സ്റ്റേഷൻ |
| 14 | ബി.എസ്.എൻ.എൽ, തൃക്കാക്കര |
| 15 | കെ.എസ്.ഇ.ബി, തൃക്കാക്കര |
| 16 | മാവേലി സ്റ്റോർ, തൃക്കാക്കര . |
| 17 | കാനറ ബാങ്ക്, വാഴക്കാല |
| 18 | എച്ച്.ഡി.എഫ്.സി ബാങ്ക് ചെമ്പുമുക്ക് |

3. സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ,സ്ഥാപനങ്ങളുടെ പത്രികകൾ എന്നിവയുടെ പരിശോധനയിൽ താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനം |
|---|---|
| 1 | കാത്തലിക് സിറിയൻ ബാങ്ക്, കുന്നും പുറം |
| 2 | സെൻട്രൽ ബാങ്ക് ഓഫ് ഇൻഡ്യ, കാക്കനാട് |
| 3 | കോർപ്പറേഷൻ ബാങ്ക്, കാക്കനാട് |
| 4 | ഡിസ്ട്രിക്ട് കോർപറേഷൻ ബാങ്ക് എച്ച് ഒ ,കാക്കനാട് |

| | |
|---|---|
| 5 | ഡിസ്ട്രിക്ട് കോർപറേഷൻ ബാങ്ക് ബ്രാഞ്ച് ,കാക്കനാട് |
| 6 | ഡിസ്ട്രിക്ട് കോർപറേഷൻ ബാങ്ക് ബ്രാഞ്ച്, തൃക്കാക്കര |
| 7 | എച്ച് ഡി എഫ് സി ,ഇൻഫൊ പാർക്ക് |
| 8 | ഇൻഡ്യൻ ബാങ്ക് ,കാക്കനാട് |
| 9 | ഇൻഡ്യൻ ഓവർസീസ്, ബാങ്ക് |
| 10 | കെ എസ് എഫ് ഇ റീജിയണൽ ഓഫീസ്, കാക്കനാട് |
| 11 | കുസുമഗിരി മെന്റൽ ഹോസ്പിറ്റൽ |
| 12 | എസ് ബി ടി, വാഴക്കാല |
| 13 | തൃക്കാക്കര മുനിസിപ്പൽ കോർപറേറ്റീവ് ബാങ്ക് |
| 14 | ഐ സി ഐ സി ബാങ്ക്, കാക്കനാട് |
| 15 | സൌത്ത് ഇൻഡ്യൻ ബാങ്ക്, കാക്കനാട് |
| 16 | എസ് ബി ഐ, ഇൻഫൊ പാർക്ക് |
| 17 | കാത്തലിക് സിറിയൻ ബാങ്ക്, വള്ളത്തോൾ ജംഗ്ഷൻ |
| 18 | യുണൈറ്റഡ് ബാങ്ക് ഓഫ് ഇൻഡ്യ, ഇൻഫൊ പാർക്ക് |
| 19 | എസ് ബി ഐ ,സ്മാർട്ട് സിറ്റി |
| 20 | എസ് ബി ടി ,സിവിൽ സ്റ്റേഷൻ |
| 21 | ബി.എസ്.എൻ.എൽ, തൃക്കാക്കര |
| 22 | കെ.എസ്.ഇ.ബി, തൃക്കാക്കര |
| 23 | മാവേലി സ്റ്റോർ, തൃക്കാക്കര . |
| 24 | കാനറ ബാങ്ക്, വാഴക്കാല |
| 25 | എച്ച്.ഡി.എഫ്.സി ബാങ്ക്, ചെമ്പുമുക്ക് |

മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരിൽ നിന്നും ബാധകമായ തൊഴിൽ നികുതി/ സ്ഥാപന നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയതിന്റെയും നഗരസഭയിലെ ലിസ്റ്റ് ഓഫ് എ ക്ലാസ്സ് കോൺട്രാക്ടേഴ്സ് പ്രകാരമുള്ള കരാറുകാരിൽ നിന്നും 2016-17 വർഷം രണ്ടു അർദ്ധവർഷങ്ങളിലും ബാധകമായ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെയും രേഖകൾ ഹാജരാക്കേണ്ടതാണ്.

4. സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരം വാർഡ് തിരിച്ചുള്ള സ്ഥാപനങ്ങളുടെ എണ്ണവും തൊഴിൽ നികുതി അടച്ച സ്ഥാപനങ്ങളുടെ വിവരവും താഴെ ചേർക്കുന്നു.

| ക്രമ നം | വാർഡ് | സ്ഥാപനങ്ങളുടെ എണ്ണം | തൊഴിൽ നികുതി അടച്ച സ്ഥാപനങ്ങളുടെഎണ്ണം (ഒന്നാം അർദ്ധ വർഷം) | തൊഴിൽ നികുതി അടച്ചസ്ഥാപനങ്ങളുടെ എണ്ണം (രണ്ടാം അർദ്ധ വർഷം) |
|---|---|---|---|---|
| 1 | 1 | 101 | 53 | 55 |

| | | | | |
|---|---|---|---|---|
| 2 | 2 | 175 | 73 | 71 |
| 3 | 3 | 182 | 67 | 67 |
| 4 | 4 | 114 | 53 | 64 |
| 5 | 5 | 148 | 14 | 22 |
| 6 | 6 | 186 | 8 | 12 |
| 7 | 7 | 290 | 25 | 27 |
| 8 | 8 | 72 | 28 | 30 |
| 9 | 9 | 110 | 7 | 11 |
| 10 | 10 | 240 | 37 | 47 |
| 11 | 11 | 213 | 8 | 11 |
| 12 | 12 | 127 | 38 | 43 |
| 13 | 13 | 86 | 30 | 34 |
| 14 | 14 | 250 | 13 | 13 |
| | ആകെ | 2294 | 454 | 507 |

വളരെ കുറവ് സ്ഥാപനങ്ങൾ മാത്രമാണ് തൊഴിൽ നികുതി അടച്ചിട്ടുള്ളൂ. രജിസ്റ്റർ പൂർണ്ണമാക്കി ഡി സി ബി പത്രികകൾ തയ്യാറാക്കി പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.

6. രജിസ്റ്റർ പ്രകാരം വളരെ കുറവ് സ്ഥാപനങ്ങളിൽ നിന്നു മാത്രമേ സ്ഥാപന തൊഴിൽ നികുതി പിരിച്ചെടുത്തിട്ടുള്ളൂ. മുൻ വർഷത്തെ സ്ഥാപന തൊഴിൽ നികുതിയും 2015-16വർഷത്തെ സ്ഥാപന തൊഴിൽ നികുതിയും തമ്മിൽ ഗണ്യമായ വ്യത്യാസം കാണുന്നു.

<u>തൻ വർഷം</u>

| വർഷം | ഡിമാന്റ് | കളക്ഷൻ(റിസീവബിൾ ഹെഡിലും വരവ് ഹെഡിലും ഉൾപ്പെടെ) | ബാക്കി | ധനകാര്യ പത്രിക പ്രകാരം കുടിശ്ശിക |
|---|---|---|---|---|
| 2015-16 | 39,83,640 | 30,38,788+21,550=30,60,338 | 9,23,302 | 9,23,529 |
| 2016-17 | 23,93,363 | 29,47,726 | -5,54,363 | 11,124 |
| വ്യത്യാസം | 1590277 | 112612 | | |

<u>കുടിശ്ശിക</u>

| വർഷം | ഡിമാന്റ് | കളക്ഷൻ | ബാക്കി | ധനകാര്യ പത്രിക പ്രകാരം കുടിശ്ശിക |
|---|---|---|---|---|
| 2015-16 | 1,09,178 | 82,040 | 27,138 | 27,138 |
| 2016-17 | 9,23,529+21,138= 9,50,667 | 3,75,180 | 5,75,487 | 0 |

സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് രേഖപ്പെടുത്തുന്നതിൽ യാതൊരു അടിസ്ഥാനവും

കാണുന്നില്ല. 2015-16 -ലെ കുടിശ്ശിക കളക്ഷനിൽ 3,75,180 രൂപ മാത്രമാണ് കളക്ഷനായിട്ടുള്ള എങ്കിലും ബാക്കിയുള്ള 5,75,487-രൂപ കുടിശ്ശികയായി ധനകാര്യ പത്രികയിൽ ചേർത്തിട്ടില്ല. മുൻ വർഷത്തെ സ്ഥാപന തൊഴിൽ നികുതിയുമായി താരതമ്യം ചെയ്താൽ 15,90,277/-രൂപയുടെ കുറവാണ് 2016-17 -ൽ ഉണ്ടായിട്ടുള്ളത്. എങ്കിലും 11,124 രൂപമാത്രമാണ് തൻ വർഷ കുടിശ്ശികയായി ധനകാര്യ പത്രികയിൽ ചേർത്തിട്ടുള്ളത്. ആയതിനാൽ മുൻ വർഷ കുടിശ്ശികയിൽ 5,75,487/- രൂപയും തൻവർഷത്തെ വരവിൽ 15,79,153/- രൂപയുടെ(15,90,277-11,124)നഷ്ടവും സംഭവിച്ചിട്ടുള്ളതായി കാണാവുന്നതാണ്. ഇത്തരത്തിൽ സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് ചെയ്യാതെ നഷ്ടം സംഭവിച്ചിട്ടുള്ളതും ഈ നഷ്ടം കുടിശ്ശികയായി ധനകാര്യ പത്രികയിൽ ചേർത്തിട്ടില്ലാത്തതുമാണ്. ഈ നഷ്ടം കുടിശ്ശികയായി ധനകാര്യ പത്രികയിൽ ചേർക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും നഷ്ടമായ തുക ഉത്തരവാദികളായവരിൽ നിന്ന് ഈടാക്കേണ്ടതുമാണ്. കൃത്യമായ രജിസ്റ്ററുകൾ എഴുതിസൂക്ഷിച്ച് അതിനനുസരിച്ച് അക്കൌണ്ടുകൾ തയ്യാറാക്കാത്തതിനാൽ വരുമാന നഷ്ടം ഉണ്ടാകുന്നു. ഇത് സെക്രട്ടറിയുടെ ഭാഗത്ത് നിന്നുള്ള കൃത്യ വിലോപമായി ഓഡിറ്റ് വിലയിരുത്തുന്നു.

## 2-6 നഗരസഭ കെട്ടിടങ്ങളിലെ വാടക ഈടാക്കിയതിലെ അപാകതകൾ

നഗരസഭയിൽ വാടക ഈടാക്കിയതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1)വാടക കുടിശ്ശിക ഈടാക്കിയിട്ടില്ല.

2016-17 ൽ ബസ് സ്റ്റാൻഡ് ഷോപ്പിംഗ് കോംപ്ലക്സ്, മുനിസിപ്പൽ കോംപ്ലക്സ്,ടാക്സിസ്റ്റാൻഡ് കം ഷോപ്പിംഗ് കോംപ്ലക്സ്, NGO ക്വാർട്ടേഴ്സ് മുതലായ നഗരസഭ വാടകക്ക് നൽകിയിട്ടുള്ള പല മുറികളുടെയും വാടക അടവാക്കിയിട്ടില്ല. മുറികളുടെ വാടക ബന്ധപ്പെട്ടവരിൽ നിന്നും കുടിശ്ശിക, പലിശ സഹിതം ഈടാക്കേണ്ടതാണ്. കൂടാതെ വാടകക്ക് നൽകിയിരിക്കുന്ന മുറികളുടെ നമ്പർ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്.

| ക്രമ നമ്പർ | വാടകക്കാരന്റെ പേര് | പ്രതിമാസ വാടക | കുടിശ്ശിക എന്ന് മുതൽ | ഈടാക്കാനുള്ള തുക | റിമാർക്സ് |
|---|---|---|---|---|---|
| 1. | ഇ.പി.കാദർകുഞ്ഞു | 2,217 | 1/17 മുതൽ 3 മാസം | 6,651 | ബസ് സ്റ്റാൻറ് |
| 2. | അബ്ദുൾ സലാം | 9,003 | 9/16 മുതൽ | 63,021 | ടാക്സിസ്റ്റാൻഡ് |
| 3 | ഹനീഷ് ഹനീഫ കുടുംബശ്രീ കാന്റീൻ | 2 റൂമുകൾ 1,050 x 2 =2,100 | 4/ 16 മുതൽ | 25,200 | മുനിസിപ്പൽ കോംപ്ലക്സ് |
| 4. | ടി കെ ഷംസു , തടത്തിൽ | 6,065 | 3/ 17 മുതൽ | 6,065 | “ |
| 5. | ടി കെ ചാരു , | 3,556 | 7/16 മുതൽ 9 മാസം | 32,004 | “ |

| | | | | | |
|---|---|---|---|---|---|
| 6. | ഓ .എം മൊയ്ദീൻ അലി | 4,092 | 10/16 മുതൽ 6 മാസം | 24,552 | “ |
| 7. | കെ എം ഷമീർ & നസീർ | 16,292 | 8 / 16 മുതൽ 7 മാസം | 1,14,044 | സഹകരണ ആശുപത്രിക്ക സമീപമുള്ള കടമുറികൾ |
| 8. | രാധ തിരുവാതിര | 10,267 | 3 / 17 | 10,267 | “ |
| 9. | എടിഎം | വിവരങ്ങൾ ലഭ്യമല്ല. | വിവരങ്ങൾ ലഭ്യമല്ല. | വിവരങ്ങൾ ലഭ്യമല്ല. | “ |
| 10. | സാഗർ എം കെ , മുട്ടത്തുകാട് വീട് | 3 / 15 മുതൽ | 2,000x 12 =24,000 + 2,100 x12 =25,200 | 49,200 | “ |
| 11. | നസീർ & ഹംസ | 1,760 | 3 / 17 | 1,760 | NGO ക്വാർട്ടേഴ്സ് ഷോപ്പിംഗ് കോംപ്ലക്സ് |
| 12 | വക്കച്ചൻ കെ എർ കുടിപ്പിള്ളി | 1,760 | 9 / 16 മുതൽ | 12,320 | “ |
| 13 | എ കെ താജുദ്ധീൻ | 1,760 | 3/17 | 1,760 | “ |
| 14 | ഷാജി കണ്ണപ്പൻ, അങ്ങാടിമൂല | 1,760 | 3/17 | 1,760 | “ |
| 15 | മുഹമ്മദലി, വടക്കാനെത്തിൽ | 1,760 | 10/16 മുതൽ | 10,560 | “ |
| 16 | പി എ ഉമ്മർ , പള്ളിപ്പാട്ട് | 1,760 | 8/16 മുതൽ | 14,080 | “ |
| 17 | പ്രസിഡന്റ് തൃക്കാക്കര മേഖല നിർമ്മാണ തൊഴിലാളി യൂണിയൻ | 1,760 | 2/17,3/17 | 3,520 | “ |
| 18 | സെക്രട്ടറി,ഇ.ജെ. കെ.എൻ.ടി.യൂ(citu) | 1,760 | 3/17 | 1,760 | “ |

| | | | | | |
|---|---|---|---|---|---|
| 19 | മാനേജർ, സപ്ലൈകോ | 1,760 | 3/17 | 1,760 | “ |
| 20 | അസ്സിസ് പി കെ , പടന്നാട്ട് | 1,006 | 12/16 മുതൽ | 4,024 | NGO ക്വാർട്ടേഴ്സ് മത്സ്യസ്റ്റാൾ |
| 21 | സി ബി സലാം ചാത്തംവേലിമുകൾ | 1,006 | 11/16 മുതൽ | 5,030 | “ |
| 22 | മിനി യു പി , ഇല്ലത്ത് മുഗൾ | 4,410 | 1/16 മുതൽ | 66,150 | NGO ക്വാർട്ടേഴ്സ് ഷോപ്പിംഗ് കോംപ്ലക്സ് |
| 23 | വി എസ് ദർശൻ വെൽപുളശ്ശേരിൽ | 4,410 | 4/16 മുതൽ | 52,920 | “ |
| 24 | അക്ബർ കെ കെ , കളപ്പുരക്കൽ | 4,410 | 4/16 മുതൽ | 52,920 | “ |
| 25 | നിർമ്മല ഷാന്റിമോൾ, ഈട്ടിക്കൽ ഹൗസ് | 4,200 | 10/15മുതൽ | 75,600 | “ |
| 26 | രാജേഷ്, കരിമുണ്ടക്കൽ | 4,631 | 12/16 മുതൽ | 18,524 | “ |
| 27 | അബ്ദുൾ റൗഫ് , അലവക്കാട്ടിൽ | 4,500 | 2/17 മുതൽ | 7,000 | “ |
| 28 | ടി കെ വാസു ,നന്നമട് | 4,410 | 4/16 മുതൽ | 52,920 | “ |
| 29 | കെ ഐ.ലത്തീഫ്, കിഴക്കേക്കര | 4,631 | 11/16മുതൽ | 23,155 | “ |
| 30 | അബ്ബാസ് പി ആർ , അന്തോളിൽ | 4,410 | 1/17 മുതൽ | 13,230 | |
| 31 | ടി കെ ശിവദാസൻ, മാധവം വീട്ടിൽ | 4,220<br>4,410 | 10/15മുതൽ | 79,380 | |

2) തൃക്കാക്കര നഗരസഭ എൻ.ജി.ഓ.ക്വാർട്ടേഴ്സ് ഷോപ്പിങ് കോംപ്ലക്സിൽ പ്രവർത്തിക്കുന്ന കെ.എസ്.ഇ.ബി.ഓഫീസിന്റെ വാടകവിവരം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ലാത്തതാണ്. നിലവിലുള്ള വാടകയുടെ വിവരവും

കുടിശ്ശികയുണ്ടെങ്കിൽ തുക വിവരവും ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

3) വാടക കുടിശ്ശിക – കേസ് വിവരങ്ങൾ

കാക്കനാട് ജംഗ്ഷനിലുള്ള 4 കടമുറികളിൽ നിന്നും കൂടാതെ എൻ.ജി.ഓ. ക്വാർട്ടേഴ്സ് ഷോപ്പിങ് കോംപ്ളക്സിൽ വാടകക്ക് നൽകിയിരിക്കുന്ന 3 കടമുറികളിൽ നിന്നും നിലവിൽ വാടക ലഭിക്കുന്നില്ല. ടി കടമുറികൾ സംബന്ധിച്ച് കേസുകൾ ഉള്ളതായി രേഖപ്പെടുത്തിയിരിക്കുന്നതിനാൽ കേസിന്റെ വിവരങ്ങളും നാളിതുവരെ വാടകക്കാരിൽ നിന്നും ലഭിക്കേണ്ടുന്ന വാടക കുടിശ്ശിക സംബന്ധിച്ച വിവരങ്ങളും ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. വാടക ഈടാക്കിയതുമായി ബന്ധപ്പെട്ട അപകാതകൾ ചൂണ്ടിക്കാണിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.2 തിയതി 29.8.17) നഗരസഭ സെക്രട്ടറിയിൽ നിന്നും മറുപടി ലഭിച്ചിട്ടില്ല.

## 2-7 കെ എസ് ഇ ബി-ക്ക് നൽകിയ കെട്ടിടത്തിന്റെ വാടക ലഭിക്കുന്നില്ല

എൻ ജി ഓ ക്വാർട്ടേഴ്സ് ഷോപ്പിങ്ങ് കോംപ്ളക്സിലുള്ള കെ എസ് ഇ ബി-ക്ക് വാടകയ്ക്ക് നൽകിയ കെട്ടിടത്തിന്റെ വാടക നാളിതുവരെ നഗരസഭയ്ക്ക് ലഭിച്ചിട്ടില്ല.2.1.13മുതൽ പ്രവർത്തനം തുടങ്ങിയ പ്രസ്തുത ഓഫീസിന്റെ വാടക സംബന്ധിച്ച് കെ എസ് ഇ ബിയുമായി ഉഭയകക്ഷി കരാറോ ഒത്തുതീർപ്പകളോ നഗരസഭ ചമച്ചിട്ടില്ല. 30.4.16 -ൽ ചേർന്ന നഗരസഭാ കൗൺസിൽ - 7 - ാം തീരുമാന പ്രകാരം48,702/- രൂപ പ്രതിമാസ വാടക പ്രകാരം 2/13മുതൽ 3/16 വരെയുള്ള 38 മാസത്തെ വാടക കുടിശിക 18,50,676/- രൂപ അടയ്ക്കുവാനും എഗ്രിമെന്റ് വെയ്ക്കുവാനും കെ എസ് ഇ ബിയോട് ആവശ്യപ്പെട്ടു. എന്നാൽ ഇക്കാര്യം അംഗീകരിക്കാതെ വാടക കൂടുതലാണെന്ന വാദമുഖമുയർത്തിയ കെ എസ് ഇ ബിയുമായി നടത്തിയ തുടർ ചർച്ചകളെത്തുടർന്ന് പ്രതിമാസം 19,847/-എന്ന നിരക്ക് നിശ്ചയിച്ചെങ്കിലും പിന്നീട് PWDനിശ്ചയിക്കുന്ന നിരക്കോ KSEB നിശ്ചയിക്കുന്ന നിരക്കോ ഏതാണോ കൂടുതൽ അത് ഒടുക്കാമെന്ന്കെ എസ് ഇ ബി അംഗീകരിച്ചു .എന്നാൽ നാളിതുവരെ വാടകയിനത്തിൽ യാതൊരു തുകയും കെ എസ് ഇ ബി ഒടുക്കിയിട്ടില്ലെന്ന് മാത്രമല്ല നഗരസഭയുമായി കരാർ ചമയ്ക്കുന്നതിൽ നിന്നും പിന്നോട്ടു പോവുന്നു.ഈ വിഷയത്തിൽ കൗൺസിലിന്റെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു. നഗരസഭക്ക് ലഭിക്കേണ്ട വാടക യഥാസമയം ലഭ്യമാവുമെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 2-8 ബിൽഡിംഗ് പെർമിറ്റുമായി ബന്ധപ്പെട്ട മറ്റ് അപാകതകൾ

1.ബിൽഡിംഗ് പെർമിറ്റ് നം.ബി.എ /642/15-16 (റിഫൈൻ.കെ,ഷബീബ് റിഫൈൻ) എന്ന നമ്പരിലുള്ള കെട്ടിടത്തിന്റെ എഫ്.എ.ആർ ഏരിയ 1763 ച.മീ ആയാണ് അധിക എഫ്.എ.ആർ നിരക്കിന് കണക്കാക്കിയത്.എന്നാൽ മേൽ അളവ് സാധൂകരിക്കുന്ന ബിൽഡിംഗ് പ്ളാൻ ഫയലിൽ ഇല്ല.

2.പെർമിറ്റ് നം.ബി.എ-84/15-16 ( M/s ചേലൂർ പ്രോപ്പർട്ടീസ് ഡെവലപ്പ്മെന്റ്, എം.ഡി ഡോ.രാംദാസ്) എന്ന നമ്പർ കെട്ടിടത്തിന്റെ എൻ.ഒ.സി രജിസ്റ്റർ ഹാജരാക്കിയില്ല.കൂടാതെ പ്ലാനിൽ സെക്കന്റ് ലെവൽ ബേസ്മെന്റ് ഫ്ളോറിൽ കാർ പാർക്കിങ്ങിൽ കാർ നം.70 ന് ശേഷം 77 എന്നാണ് കാണുന്നത്.കാർ നം.71 മുതല് 76 വരെയുള്ളതിന് പ്രോവിഷൻ കാണുന്നില്ല.സ്കൂട്ടർ പാർക്കിംഗ് ഏരിയയും വ്യക്തമാക്കിയിട്ടില്ല.

3.പെർമിറ്റ് നം.ബി.എ /139/15 (സ്കൈലൈൻ ഫൌണ്ടേഷൻ ആൻഡ് സ്ട്രക്ചേഴ്സ് പ്രൈ.ലി) എന്ന നമ്പർ കെട്ടിടത്തിന്റെ എഫ്.എ.ആർ ഏരിയ കണക്കാക്കാക്കിയിരിക്കുന്നത് 14570.09 ച.മീ ആണ്.എന്നാൽ ആയത് സാധൂകരിക്കുന്ന പ്ലാൻ ഫയലിൽ ഇല്ല.

4.ബിൽഡിംഗ് പെർമിറ്റുമായി ബന്ധപ്പെട്ട തുകകൾ ഡിമാൻഡ് ചെയ്യുമ്പോൾ പെർമിറ്റ്

നമ്പർ എഴുതാത്തത് പിന്നീട് പ്രസ്തുത ഫയൽ കണ്ടെത്താൻ വളരെയധികം ബുദ്ധിമുട്ടുണ്ടാക്കുന്നു.ആയതിനാൽ ഡിമാൻഡ് ചെയ്യുന്ന വേളയിൽ റിമാർക്സ് കോളത്തിൽ പെർമിറ്റ് നമ്പർ ചേർക്കാൻ ഓഡിറ്റ് നിർദ്ദേശിക്കുന്നു.

5.പെർമിറ്റ് ഫയൽ കെട്ടിട നിർമ്മാണത്തിന് ശേഷം നമ്പരിടുന്നതിനായി റവന്യൂ സെക്ഷനിലേക്കയക്കുമ്പോൾ എല്ലാ ഫയലുകളും റവന്യൂവിലേക്കയക്കുന്ന പ്രവണത കാണുന്നു. ഇത് ഒഴിവാക്കാൻ നിർദ്ദേശിക്കുന്നു.നികുതി നിശ്ചയിക്കുന്നതിനാവശ്യമായ രേഖകൾ മാത്രം റവന്യൂ സെക്ഷനിൽ നല്കുന്നതാണ് നല്ലത്. പെർമിറ്റുമായി ബന്ധപ്പെട്ട രേഖകളുടെ സൂക്ഷിപ്പിന്റെ ഉത്തരവാദിത്വം എഞ്ചിനീയറിംഗ് വിഭാഗത്തിനാണെന്ന് ഓർമ്മിപ്പിക്കുന്നു.

## 2-9 രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

1) രസീത് ബുക് നമ്പർ 632(ലളിതാംബിക, എച്ച് സി-യ്ക്ക് 3-5-2016-ന് നൽകിയത്) , തൊഴിൽ നികുതി രസീത് ബുക് നമ്പർ 6 , 10 (ബുക് നമ്പർ 6 -റസീന, ബുക് നമ്പർ- 10, ഷഫ്ന , എന്നീ ദിവസ വേതനക്കാർക്ക് തീയതി രേഖപ്പെടുത്താതെ നൽകിയത്) എന്നി ബുക്കുകൾ പണം പരിവിനായി നൽകിയിട്ടുണ്ടെങ്കിലും ഒ . ഡി . സി രജിസ്റ്റർ സഹിതം പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല . പിരിച്ച പണം നഗരസഭാഫണ്ടിൽ അടച്ച രേഖ സഹിതം രസീത് ബുക്കുകൾ പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ് .

2) തൊഴിൽ നികുതി രസീത് ബുക്കുകളുടെ കൈപറ്റും ഇഷ്യൂവും സ്റ്റോക് രജിസ്റ്ററിൽ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല . സ്റ്റോക് വെരിഫിക്കേഷനിൽ ക്രമ നം. 15 മുതൽ 200 വരെയുള്ള 183 ബുക്കുകൾ ( പണം പിരിവിനായി നൽകിയ ക്രമ നം. 46 , 49 , 50 ഒഴികെ ) ബോധ്യപ്പെട്ടിട്ടുണ്ടെങ്കിലും 1 മുതൽ 5 വരെയുള്ള രസീത് ബുക്കുകളുടെ വിവരങ്ങൾ ലഭ്യമല്ല 2016 -17 ൽ ക്രമ നം. 6 മുതൽ 14 വരെയും 46 , 49 , 50 എന്നി രസീത് ബുക്കുകളുമാണ് ഉപയോഗിച്ചതായി രേഖപ്പെടുത്തിയിട്ടുള്ളത് . സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി തയ്യാറാക്കി 1 മുതൽ 5 വരെയുള്ള രസീത് ബുക്കുകൾ പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ് .

3) സാഖ്യാ രസീതുകളുടെ സ്റ്റോക് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല.സ്റ്റോക് രജിസ്റ്റർ എഴുതി പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ് .
ഈ അപാകതകൾ വിശദീകരിയിക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറി നം-9, 17 എന്നിവയ്ക്ക് മറുപടി നല്കിയിട്ടില്ല.

## 2-10 ജീവനക്കാരുടെ അഭാവം നഗരസഭ പ്രവർത്തനത്തെ ബാധിക്കുന്നു.

തൃക്കാക്കര നഗരസഭയിലെ നിലവിവുള്ള ജീവനക്കാരുടെ തസ്തികകളുടെ എണ്ണം ചുവടെ ചേർക്കുന്നു.
സൂപ്രണ്ട്-1
റവന്യൂ ഇൻസ്പെക്ടർ-2
ക്ളർക്ക്-9
സീനിയർ ക്ളർക്ക്-9
ലൈബ്രേറിയൻ-1
ടൈപ്പിസ്റ്റ്-1
ഡ്രൈവർ-1
ഒ.എ-2
എച്.ഐ-1
ജെ.എച്.ഐ (gr-1)-1
ജെ.എച്.ഐ (gr-2)-3

കണ്ടിജന്റ് വർക്കർ-5
ആകെ-35

40 കോടിയിലധികം വരുമാനവും 27 ച.കി.മീ യിലധികം വിസ്തീർണ്ണവും ഉള്ള നഗരസഭയാണ് തൃക്കാക്കര.1350 ൽ അധികം ജീവനക്കാരുള്ള ജില്ലാ ഭരണ കേന്ദ്രമായ കളക്ടേറ്റ് ഉൾപ്പെടുന്ന സിവിൽ സ്റ്റേഷൻ, 200 ലധികം കമ്പനികളും 25000ലധികം ജീവനക്കാരുമുള്ള ഇൻഫോ പാർക്ക്, കൊച്ചിൻ സ്പെഷ്യൽ ഇക്കോണോമിക് സോൺ ഇവയോടനുബന്ധിച്ച് ഉയർന്ന് വരുന്ന ഫ്ളാറ്റ് സമുച്ചയങ്ങൾ, വർദ്ധിക്കുന്ന ജനസംഖ്യ, അതിന്റെ ഫലമായി ഉണ്ടാകുന്ന മാലിന്യ പ്രശ്നങ്ങൾ തുടങ്ങിയ വിഷയങ്ങൾ ഏറ്റവുമധികം ബാധിക്കുന്ന നഗരസഭയാണ് തൃക്കാക്കര നഗരസഭ. 1250 തിലധികം പെർമിറ്റ് അപേക്ഷകളാണ് 2016-17 ല് നഗരസഭയിൽ ലഭിച്ചത്. നഗരസഭ ജോലികൾക്കൊപ്പം സർക്കാർ നിശ്ചയിക്കുന്ന പല കാര്യങ്ങളും നഗരസഭ ഉദ്യോഗസ്ഥർ ചെയ്യേണ്ടിവരുന്നുണ്ട്.

ജീവനക്കാരനുഭവിക്കുന്ന അധികജോലിഭാരം ഓഡിറ്റ് വേളയിൽ നേരിട്ട് മനസ്സിലാക്കാൻ കഴിഞ്ഞു. നഗരസഭയുമായി യാതൊരുബന്ധവുമില്ലാത്ത ചില വ്യക്തികളാണ് ജീവനക്കാർക്ക് സഹായമായി ഒ.എയുടെ ചുമതല നിർവഹിക്കുന്നതായി കാണുന്നത്. നേരിട്ട് പരിശോധന വേണ്ട ഡി&ഒ അപേക്ഷകളിൽ ബഹുഭൂരിപക്ഷത്തിനും പരിശോധന നടക്കുന്നില്ല. 28.03.2017 ന് ശേഷം ബിൽകളക്ടർമാർ ഇല്ലാത്തത് അനധികൃതനിർമ്മാണം,നഗരസഭയുടെ അനുമതിയില്ലാതെ തുടങ്ങുന്ന വ്യാപാരസ്ഥാപനങ്ങൾ കണ്ടെത്തൽ ,നികുതി നിർണ്ണയത്തിലെ കുറവ് എന്നിവ കണ്ടെത്തുന്നതിനെ ബാധിച്ചിട്ടുണ്ട്. അക്കൌണ്ടന്റ് പോസ്റ്റ് ഇല്ലാത്തത് എ.എഫ്.എസ് തയ്യാറാക്കലിനെ സാരമായി ബാധിക്കുന്നുണ്ട്.നഗരസഭയിൽ നിയമിതരാകുന്ന ജീവനക്കാർ എത്രയും വേഗം സ്ഥലംമാറ്റത്തിന് വേണ്ടി അപേക്ഷിക്കുകയാണെന്നും പരിചയസമ്പന്നരായവർ തീരെ ഇല്ലാത്ത അവസ്ഥയിലാണെന്നും സെക്രട്ടറിയുടെ അഭിപ്രായം ശരിയാണെന്ന് കാണുന്നു. മേൽ വിഷയത്തിൽ മുനിസിപ്പൽ ഭരണവകുപ്പിന്റെയും റീജ്യണൽ ജോയിന്റ് ഡയറക്ടറുടെയും ശ്രദ്ധ ക്ഷണിക്കുന്നു. ജീവനക്കാർക്ക് ജോലി ചെയ്യാനുള്ള അന്തരീക്ഷമില്ലായ്മ നഗരസഭയുടെ കാര്യക്ഷമതയെ ബാധിക്കുമെന്ന് ഓഡിറ്റ് മുന്നറിയിപ്പ് നല്കുന്നു.

# 2-11 വാർഷികണക്കുകളിലെ അപാകതകൾ

തൃക്കാക്കര നഗരസഭയുടെ 2016-17 വർഷത്തെ വാർഷിക കണക്കുകളിലെ അപാകതകൾ താഴെ ചേർക്കുന്നു.

1.ബാലൻസ് ഷീറ്റിലെ ബി-2 ഷെഡ്യൂളിലെ പോവർട്ടി അലീവേഷൻ ഫണ്ട് അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയാണെന്ന് കാണുന്നു.എന്നാൽ ആയതിന്റെ മേൽ ഷെഡ്യൂളിലെ ബാലൻസ് തുകയും പ്രസ്തുത പദ്ധതിയുടെ ബാലൻസ് ഷീറ്റിലെ ബാലൻസ് തുകയും തമ്മിൽ വ്യത്യാസം കാണുന്നു.
2. ദുരിതാശ്വാസ നിധിയിൽ 5,000 രൂപ ബാലൻസ് കാണുന്നു.എന്നാൽ ആയതിന് പ്രത്യേക ബാങ്ക് അക്കൗണ്ട് കാണുന്നില്ല.
3.താഴെ ചേർത്തിരിക്കുന്ന വരവുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.
(എ) ബി-2 ഷെഡ്യൂളിലെ പെൻഷൻ ഫണ്ട് ഫോർ കണ്ടിജന്റ് സ്റ്റാഫ് എന്ന ഇയർ മാർക്ക്ഡ് അക്കൗണ്ട്
(ബി) ബി-20 ഷെഡ്യൂളിലെ അദേഴ്സ്.
(സി) RP-2 ലെ അദേഴ്സ്
(ഡി) RP-4 ലെ അദർ ഫീസ്
(ഇ) RP-4 ലെ റസീപ്റ്റ് ഫ്രം സ്കൂൾ
(എഫ്) Rp-11 ലെ അദർ ഓഫീസ് മെയിന്റനൻസ് എക്സ്പെൻസ്, മിസലേനിയസ് അഡ്മിനിസ്ട്രേഷൻ എക്സ്പെൻസ് എന്നിവ
4.ബി-6 ലെ അദർ ലോൺസ് എന്ന പേരിൽ ബാലൻസ് കാണുന്നത് 2013 ൽ ഇ.എം.എസ് ലോൺ തിരിച്ചടച്ചതാണെന്ന് കാണുന്നു.ആയത് ഇതുവരെ ട്രഷറിയിൽ തിരിച്ചടക്കാത്തതിന് കാരണം വ്യക്തമാക്കുക.

5.താഴെ ചേർത്തിരിക്കുന്ന അക്കൌണ്ടുകൾ നെഗറ്റീവാണെന്ന്

കാണുന്നു.വിശദീകരിക്കുക

(എ) ബി-9 ഷെഡ്യൂളിൽ ഇൻഷ്വറൻസ് പ്രീമിയം,ഇൻകം ടാക്സ് ടി.ഡി.എസ്,എസ്.എൽ.ഐ,അദേഴ്സ് പെയബിൾ
(ബി) RP-4ലെ വാട്ടർ ചാർജ്ജ് മൈനസ്
(സി) RP-10 ൽ ട്രെയിനിംഗ് എക്സ്പെൻസ്
(ഡി) RP-11 ൽ ഇൻകം ടാക്സ്

6.ഇതേ ഷെഡ്യൂളിൽ പ്രോപ്പർട്ടി ടാക്സ്,പ്രൊഫഷൻ ടാക്സ് എന്നിവ അഡ്വാൻസ് ലഭിച്ചതായി കാണുന്നു.ഇതേ തുക തന്നെയാണ് 2015-16 ലെ ബാലൻസ് ഷീറ്റിലും കാണുന്നത്.

7.ബി-11 ഷെഡ്യൂളിൽ ബിൽഡിംഗ്സ്,ഡ്രെയിനേജ്,വെഹിക്കിൾസ്,ഓഫീസ് ആൻഡ് അദർ എക്വിപ്മെന്റ്,ഫർണ്ണിച്ചർ,അദർ ഫിക്സഡ് അസ്സറ്റ്സ് എന്നിവയുടെ ഡിപ്രീസിയേഷനിൽ വ്യത്യാസം കാണുന്നില്ല.ഇവയുടെ ബാലൻസ് തുകകളിൽ വ്യത്യാസം കാണുന്നുമുണ്ട്.

8.ബി-18 ഷെഡ്യൂളിൽ സ്റ്റാൻഡിംഗ് അഡ്വാൻസ്, മിസ്സലേനിയസ് അഡ്വാൻസ്,അഡ്വാൻസ് ടു അദേഴ്സ്,അദർ അഡ്വാൻസ് എന്നിങ്ങനെയുള്ള അഡ്വാൻസുകളിൽ 2014 മുതലുള്ള അഡ്വാൻസുകൾ അഡ്ജസ്റ്റ് ചെയ്യാത്തതായി കാണുന്നു.വിശദീകരണം നല്കുക.

9.ഇലക്ട്രിസിറ്റി ഡെപ്പോസിറ്റ്,വാട്ടർ ഡെപ്പോസിറ്റ് എന്നിവയുടെ ബാലൻസ് തുകയുടെ വിശദാംശങ്ങൾ ഹാജരാക്കുക.

10.ബി-21ഷെഡ്യൂളിൽ വസ്തുനികുതി,തൊഴിൽ നികുതി എന്നിവയ്ക്ക് ഏത് സാഹചര്യത്തിലാണ് പ്രോവിഷൻ നൽകിയത് എന്ന് വ്യക്തമാക്കുക.തുക കണക്കാക്കിയ വിധം ,ആയതിന്റെ കമ്മിറ്റി തീരുമാനം എന്നിവ ഹാജരാക്കുക.

11.വസ്തു നികുതി സർച്ചാർജ്, തൊഴിൽ നികുതി (ട്രേഡേഴ്സ്), പരസ്യ നികുതി എന്നിവ അക്രുവൽ ചെയ്യാത്ത ഇനങ്ങൾ വരവ് രേഖപ്പെടുത്തുന്ന RP-1 ൽ ചേർത്തതിന് വിശദീകരണം നൽകുക.

12.RP-37 ൽ വസ്തുനികുതിയുടെ 5 ശതമാനം സർച്ചാർജ് ലഭിച്ചതായി കാണുന്നില്ല.

13.RP-29 ലെയും B-9 ലെയും അഡ്വാൻസ് തുകകളിൽ വ്യത്യാസം കാണുന്നു.

14.താഴെ ചേർത്തിരിക്കുന്ന വരവ് ഇനങ്ങളുടെ ഡിമാൻഡ്,കളക്ഷൻ,ബാലൻസ് എന്നിവ പൊരുത്തപ്പെടുന്നില്ല.

| ക്രമനം. | ഇനം | ഡിമാൻഡ് | കളക്ഷൻ | ബാലൻസ് | ബാലൻസ്, വാർഷിക കണക്ക് പ്രകാരം |
|---|---|---|---|---|---|
| 1 | വസ്തുനികുതി, തൻവർഷം | 4,10,01,454 | 3,45,63,062 | 64,38,392 | 81,47,536 |
| 2 | സർച്ചാർജ്ജ് | 13,55,610 | 13,51,112+ 2405 | 2093 | ഇല്ല |
| 3 | തൊഴിൽ | 23,93,363 | 29,47,726 | +5,54,363 | ഇല്ല |

| | | | | | |
|---|---|---|---|---|---|
| | നികുതി,തൻവർഷം | | | | |
| 4 | പരസ്യ നികുതി | 12,10,000 | 6,75,334+13,614 | 5,21,052 | 3,40,550 |
| 5 | വസ്തുനികുതി, കുടിശ്ശിക | 3,24,02,825 | 1,62,27,348 | 1,61,75,477 | 1,69,50,050 |
| 6 | ഡി &ഒ,തൻവർഷം | 25,37,902 | 8,34,100+13,07,535 | 3,96,267 | 2,67,400 |
| 7 | വാടക, തൻവർഷം | 46,35,222 | 36,64,509 | 9,70,713 | 9,66,303 |
| 8 | വാടക,കുടിശ്ശിക | 66,75,157 | 37,96,491 | 28,78,666 | 28,78,696 |
| 9 | ഡി ഒ,കുടിശ്ശിക | 883 | 55,800 | +54,917 | ഇല്ല |
| 10 | തൊഴിൽ നികുതി, കുടിശ്ശിക | 9,50,667 | 3,75,180 | 5,75,487 | ഇല്ല |

മേൽ അപാകതകൾ പരിശോധിച്ച് പരിഹരിക്കുന്നതിനും ആയതിന്റെ അടിസ്ഥാനത്തിൽ വാർഷിക കണക്കുകൾ തയ്യാറാക്കി ഓഡിറ്റിൽ ഹാജരാക്കാനും നിർദ്ദേശിക്കുന്നു.

## 2-12 സാനിറ്റേഷൻ ടാക്സ്- രജിസ്റ്ററുകളും രേഖകളും സൂക്ഷിക്കുന്നില്ല

തൃക്കാക്കര നഗരസഭക്ക് സാനിട്ടേഷൻ ടാക്സിനത്തിൽ 2016-17സാമ്പത്തിക വർഷം അക്കൗണ്ട്സ് പ്രകാരം 13,33,422/- രൂപയുടെ വരവുണ്ട്. എന്നാൽ ബന്ധപ്പെട്ട രേഖകളുടേയും രജിസ്റ്ററുകളുടെയും അഭാവത്തിൽ ടി വരവിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

സാനിട്ടേഷൻ ടാക്സ് ഈടാക്കേണ്ട എല്ലാവരിൽ നിന്നും ടാക്സ് ഈടാക്കുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതും ബന്ധപ്പെട്ട എല്ലാ രേഖകളും രജിസ്റ്ററുകളും ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ജി ഐ എസ് വരിസംഖ്യ കുറവ് / അംഗത്വമില്ല

നഗരസഭയിലെ ജീവനക്കാരിൽ ഭൂരിഭാഗവും അവർ വാങ്ങുന്ന ശമ്പള സ്കെയിലിനനുസരിച്ച് ജി ഐ എസ് വരിസംഖ്യ ഒടുക്കുന്നില്ല . ചില ജീവനക്കാർ ജി ഐ എസിൽ അംഗത്വമെടുത്തിട്ടുമില്ല . സർക്കാർ 1.8.'16 ന് പുറപ്പെടുവിച്ച ജി . ഒ ( പി 112 / 2016 ഫിൻ പ്രകാരം 1.9.'16 മുതൽ ഓരോ ജീവനക്കാരന്റെയും ശമ്പളമുൾപ്പെടുന്ന സ്കെയിലിനനുസരിച്ച് താഴെ പറയുന്ന തുക ജി ഐ എസ് വരിസംഖ്യയായി നിശ്ചയിച്ചിട്ടുണ്ട് .

| ക്രമ | സ്കെയിൽ | ഗ്രൂപ്പ് | വരിസംഖ്യ |
|---|---|---|---|

| നം. | | | നിരക്ക് |
|---|---|---|---|
| 1 | 55350 - 101400 ഉം മുകളിലും | എ | 600 |
| 2 | 35700 – 75600 ഉം മുകളിലും എന്നാൽ 55350 -101400 ന് താഴെ | ബി | 500 |
| 3 | 17000 – 37500 ഉം മുകളിലും എന്നാൽ 35700 – 75600 ന് താഴെ | സി | 400 |
| 4 | 16500 – 35700 ഉം മുകളിലും എന്നാൽ 17000 – 37500 ന് താഴെ | ഡി | 300 |

എന്നാൽ നഗരസഭയിലെ ഏതാനും ജീവനക്കാരുടെ ജി ഐ എസ് വരിസംഖ്യ താഴെ പറയും പ്രകാരമാണ് .

| ക്രമ നം. | പേര് , ഉദ്യോഗപ്പേര് | സ്കെയിൽ | ജി ഐ എസ് വരിസംഖ്യ |
|---|---|---|---|
| 1 | സിന്ധു.സി.വിജയൻ, സീനിയർ ക്ലാർക്ക് | 25200 - 54000 | 200 |
| 2 | ജോപ്പൻ.ടി ,സീനിയർ ക്ലാർക്ക് | 25200 - 54000 | 200 |

അതുപോലെ ഏതൊരു ജീവനക്കാരനും ജി ഐ എസിൽ അംഗത്വമെടുക്കാതെ ആദ്യത്തെ ഇൻക്രിമെന്റിന് അർഹതയില്ല എന്ന് കെ എസ് ആർ പാർട്ട് Iൽ റൂൾ 22 ബി , റൂൾ 31 നോട്ട് 3 ൽ പറയുന്നുണ്ട് . എന്നാൽ നഗരസഭയിലെ ഒന്നിലധികം വർഷം സേവനമുള്ള താഴെ പറയുന്ന ജീവനക്കാർ ജി ഐ എസ് വരിക്കാരല്ല .
1) ബിന്ദു . വൈ
2) കുമാർ ബാബു . ഐ . എസ്
3) പ്രദീപ് കുമാർ . യു . എസ്
ഇവർ മൂന്ന് പേരും 25200 - 54000 സ്കെയിലിൽ സീനിയർ ക്ലാർക്ക് തസ്തികയിൽ ജോലി ചെയ്യുന്നവരാണ് .
ജി ഐ എസ് വരിക്കാരല്ലാത്തവർക്ക് അംഗത്വം ലഭിക്കുന്നതിനും സർക്കാർ നിശ്ചയിച്ച പ്രകാരമുള്ള വരിസംഖ്യ മുഴുവൻ ജീവനക്കാർക്ക് ബാധകമാക്കുന്നതിനും സെക്രട്ടറി നടപടി സ്വീകരിക്കേണ്ടതാണ്.

## 3-2 വയോമിത്രം പ്രൊജക്റ്റ് ചെലവുകളുടെ വിശദാംശങ്ങൾ ഹാജരാക്കിയില്ല

വൗച്ചർ നമ്പർ :33-02/17
ചെക്ക് നമ്പർ :163885 തീയതി 6.2.17 തുക 79,917/-
ടി വൗച്ചർ പ്രകാരം അഞ്ച് പർച്ചേസുകളിലായി മൊത്തം 1,79,917/- രൂപ നഗരസഭാ ഫർണിച്ചർ,കമ്പ്യൂട്ടർ മുതലായവ വാങ്ങുന്നതിലേക്കായി ചെലവ് ചെയ്തിട്ടുണ്ട്. എന്നാൽ അതിൽ 13,800/- രൂപ നൽകിയിരിക്കുന്നത് M/s Innerview എന്ന സ്ഥാപനത്തിൽ നിന്നും നൽകിയ 6/ 12/ 2016 ലെ Airport Sofa 3 Seater (2nos ) എന്ന quotation ന്റെ അടിസ്ഥാനത്തിലാണ്. ടി ഫർണിച്ചർ വാങ്ങിയതായോ stock register ൽ രേഖപ്പെടുത്തലോ കാണുന്നില്ല. ആയത് സംബന്ധിച്ച ഒറിജിനൽ ബില്ലും സ്റ്റോക്ക് രജിസ്റ്ററും ഓഡിറ്റിൽ ഹാജരാക്കേണ്ടതാണെന്ന് ഓഡിറ്റ് എൻക്വയറി നം. 14 പ്രകാരം ആവശ്യപ്പെട്ടുവെങ്കിലും മറുപടി ലഭിക്കാത്തതിനാൽ 13,800/- രൂപ ഓഡിറ്റിൽ

തടസ്സപ്പെടുത്തുന്നു.

# 3-3 സാക്ഷരതാ പ്രേരകിന്റെ വേതനം തിരികെ ലഭ്യമാക്കേണ്ടതാണ്

തൃക്കാക്കര നഗരസഭയിലെ സാക്ഷരതാ പ്രേരക് ആയി ജോലി നോക്കുന്ന ശ്രീമതി ജി.മേഴ്സിക്ക് നഗരസഭയിൽ നിന്നും നൽകിയ വേതനം കേരള സംസ്ഥാന സാക്ഷരതാമിഷനിൽ നിന്നും തിരികെ ലഭിക്കുവാൻ വേണ്ട നടപടിയെടുക്കേണ്ടതാണ്.
7/ 015 മുതൽ 6/ 1 / 17 വരെ - 55,661/-
7/1 /17 മുതൽ 31 / 1 / 17 വരെ - 9,678യ/-
ഫെസ്റ്റിവൽ അലവൻസ് - 1,100/-
ആകെ - 66,439/- രൂപ

# 3-4 ചെലവു രേഖകൾ ഹാജരാക്കാത്തത് സംബന്ധിച്ച്

2016 -17 ലെ ചെലവു സംബന്ധിച്ച് താഴെ പറയുന്ന രേഖകൾ ഹാജരാക്കണമെന്ന് ഓഡിറ്റ് എൻക്വയറി നം.14 പ്രകാരം ആവശ്യപ്പെട്ടുവെങ്കിലും ഹാജരാക്കിയിട്ടില്ലാത്തതിനാൽ ചെലവ് തുകയായ 73,096 /-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

| ക്രമ നമ്പർ | ചെലവ് വിവരം | ഫയൽ നമ്പർ | ചെക്ക് നമ്പർ/തീയതി | തുക | ഹാജരാക്കേണ്ട രേഖകൾ |
|---|---|---|---|---|---|
| 1. | ഇലക്ട്രിക്കൽ ഫിറ്റിങ്ങ്സ്, സൂര്യ ഇലക്ട്രിക്കൽസ് | E 2 -630 / 16 | 163902 16.2.17 | 48,696 | സ്ഥാപനത്തിന്റെ ബില്ല്, കൈപ്പറ്റ് രസീത്, സ്റ്റോക്ക് എൻട്രി |
| 2. | ജെസിബി ചാർജ് | E1 - 18067/ 11 | 163954 15/3/ 17 | 24,400 | ബന്ധപ്പെട്ട ഫയലും കൈപ്പറ്റ് രസീതും |
| | | | ആകെ | 73,096 | |

# 3-5 വാട്ടർ ചാർജ്-ഫൈൻ അടച്ചത് നിരാകരിക്കുന്നു

വൗച്ചർ നമ്പർ : 57-12/16
ചെക്ക് നമ്പർ : 163790 തീയതി 30.12.16 തുക 7,75,050/- രൂപ
കേരള വാട്ടർ അതോറിട്ടിയുടെ 9.12.2016ലെ 13713 നമ്പർ ബിൽ പ്രകാരം 7,75,050/- രൂപ പൊതുടാപ്പുകളുടെ വാട്ടർ ചാർജിനത്തിൽ അടവാക്കിയിട്ടുണ്ട് . എന്നാൽ ടി തുകയിൽ 7,674/-രൂപ ഫൈൽ ആയിട്ടാണ് ഈടാക്കിയിട്ടുള്ളത്. ഫൈൽ അടക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി നം. 14 ന് മറുപടി ലഭിക്കാത്ത സാഹചര്യത്തിൽ 7,674/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

# 3-6 അഡ്വാൻസ് ക്രമീകരിച്ചില്ല

നഗരസഭയിലെ അഡ്വാൻസ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെപ്പറയുന്ന മുൻകൂർ തുകകൾ നാളിതുവരെയായിട്ടും ക്രമീകരിച്ചതായോ തുക തിരിച്ചടച്ചതായോ കാണുന്നില്ല.

| ചെക്ക് നം. തീയതി | തുക | കൈപ്പറ്റിയ ആൾ | റിമാർക്ക്സ് |
|---|---|---|---|

| | | | |
|---|---|---|---|
| 125729/11.12.15 | 1,00,000 | സന്തോഷ് കുമാർ എസ്, JHI 2 | കേരളോത്സവം 2015 നടത്തിപ്പ് |
| 148860/30.5.16 | 4,25,000 | " | മഴക്കാലപൂർവ്വ ശുചീകരണം |
| 148861 /30.5.16 | 4,00,000 | ശ്രീജിത്ത് സി.വി.,JHI | " |
| 148862 /30.5.16 | 2,50,000 | വിജേഷ് കുമാർ,JHI | " |
| 149037/29.6.16 | 5,000 | ശ്രീജിത്ത് സി.വി.,JHI | ടർക്കി ടവ്വൽ വാങ്ങുന്നതിന് |
| 163672/26.10.16 | 35,000 | " | നഗരസഭ വാഹനങ്ങൾക്ക് speed governor വാങ്ങുന്നതിന് |
| 1025557/24.11.16 | 1,00,000 | P K വിജു | കേരളോത്സവം 2016 നടത്തിപ്പ് |

ആകെ 13,15,000/-

കേരള സർക്കാർ ഉത്തരവ് നം. GO (p) No. 419/11/Fin തിയതി 4.10.2011ലെ നിർദ്ദേശപ്രകാരം ടി മുൻകൂറുകൾ ക്രമീകരിക്കുന്നതിന് വേണ്ട നടപടിയെടുക്കേണ്ടതും അല്ലാത്തപക്ഷം ഉത്തരവാദിയായവരിൽ നിന്നും 18% പലിശ സഹിതം തുക തിരികെ ഈടാക്കുവാൻ വേണ്ട നടപടിയെടുക്കേണ്ടതുമാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.6 ന് മറുപടി ലഭ്യമാക്കാത്തതിനാൽ ചെലവഴിച്ച തുക 13,15,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-7 മരുന്നുകൾ ലഭ്യമാക്കുന്നതിൽ കാലതാമസം

ഹോമിയോ ഡിസ്പെൻസറി ,ആയുർവേദ ഡിസ്പെൻസറി,PHC എന്നിവിടങ്ങളിലെ മെഡിക്കൽ ഓഫീസർമാർ ബന്ധപ്പെട്ട സ്ഥാപനങ്ങളിലെ ഉപയോഗത്തിന് വേണ്ടി മരുന്ന് വാങ്ങുന്നതിനായി പ്രോജക്ടുകൾ പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.എന്നാൽ നാളിതുവരെയും മരുന്നുകൾ ലഭിച്ചിട്ടില്ല.വിശദാംശം ചുവടെ ചേർക്കുന്നു.

1)

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ,ഹോമിയോ |
| പ്രോജക്ട് നമ്പർ&പേര് | S0211/17 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ |
| ബിൽ നമ്പർ | 1/16-17തി. 30.11.16 |
| ചെലവ് തുക | 3,00,000 |
| തുക കൈപ്പറ്റിയ സ്ഥാപനം | കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ് ഫാർമസി |

2)

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ,PHC |
| പ്രോജക്ട് നമ്പർ&പേര് | S0308/17 പാലിയേറ്റീവ് കെയർ |

| | |
|---|---|
| ബിൽ നമ്പർ | 5/16-17തി. 29.3.17 |
| ചെലവ് തുക | 73,000 |
| തുക കൈപ്പറ്റിയ സ്ഥാപനം | കേരള മെഡിക്കൽ സർവീസസ് കോർപറേഷൻ |

3)

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ,ആയുർവേദം |
| പ്രോജക്ട് നമ്പർ&പേര് | S0193/17 മരുന്ന് വാങ്ങൽ |
| ബിൽ നമ്പർ | 2/16-17തി. 26/12/16 |
| ചെലവ് തുക | 2,23,877 |
| തുക കൈപ്പറ്റിയ സ്ഥാപനം | ദി ഫാർമസ്യൂട്ടിക്കൽ കോർപറേഷൻ(IM)കേരള ലി.തൃശ്ശൂർ |

മരുന്നുകൾ ലഭ്യമാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-8 ഭവന നിർമ്മാണ പദ്ധതി പൂർത്തീകരിച്ചിട്ടില്ല

താഴെപ്പറയുന്ന ഭവന നിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കൾക്ക് സബ്സിഡി തുക അവസാനമായി നൽകിയിരിക്കുന്നത് ഒരുവർഷത്തിന് മുമ്പാണ്. ഇവർ ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇവർക്ക് അനുവദിച്ച തുകകൾ സംബന്ധിച്ച വിവരം താഴെക്കൊടുക്കുന്നു.

| പ്രോജക്ടിന്റെ പേര് | ഗുണഭോക്താവിന്റെ പേര് | രജിസ്റ്ററിലെ പേജ് നമ്പർ | നൽകിയ തുക | ഡി.ഡി. നമ്പരും തിയതിയും |
|---|---|---|---|---|
| ഭവന നിർമ്മാണം ജനറൽ (15-16) | ശ്രീ.ബാബുകുമാർ | 33 | 20,000 | 543339/3-3-16 |
| | | | 60,000 | 577752/2-4-16 |
| " | ശ്രീ.ഷാജഹാൻ സി.എ | 36 | 20,000 | 543342/3-3-16 |
| " | ശ്രീമതി.ഷീലാമ്മ | 38 | 20,000 | 543344/3-3-16 |
| " | ശ്രീ.സിനോ | 62 | 20,000 | 577761/2-4-16 |
| ഭവന നിർമ്മാണം എസ്.സി(15-16) | ശ്രീമതി.അമ്മിണി | 13 | 20,000 | 972820/തിയതി ലഭ്യമല്ല |
| | | | 60,000 | 531336/തിയതി ലഭ്യമല്ല |
| | | | 60,000 | 535553/29-9-15 |
| | | | 40,000 | 540939/29-1-16 |
| " | ശ്രീ.കാളകുറുമ്പൻ | 21 | 20,000 | 525344/തിയതി ലഭ്യമല്ല |

| | | | | |
|---|---|---|---|---|
| | | | 60,000 | 535554/24-9-15 |
| “ | ശ്രീമതി.തേവി | 45 | 20,000 | 577927/4-4-16 |
| “ | ശ്രീമതി.കാർത്തു കൃഷ്ണൻ | 26 | 20,000 | 577832/2-4-16 |
| ഭവന നിർമ്മാണം വിധവ (14-15) | ശ്രീമതി.മേരി ആന്റണി | 10 | 20,000 | 974162/4-3-15 |
| ഭവന നിർമ്മാണം ജനറൽ(14-15) | ശ്രീ.നിഷാദ് | 59 | 20,000 | 622521/17-11-14 |

കൂടാതെ ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേക്ക് ട്രാൻസ്ഫർ ചെയ്ത സബ്സിഡി തുക അക്കൗണ്ടിൽ വരവുവന്നു എന്നതിന് തെളിവായി ബാങ്ക് അക്കൗണ്ടിന്റെ ഫോട്ടോസ്റ്റാറ്റ് പല ഫയലുകളിലും സൂക്ഷിച്ചിട്ടില്ല. ഇക്കാര്യവും ശ്രദ്ധിക്കേണ്ടതാണ്.

## 3-9 വിവിധ കാരണങ്ങളാൽ ചെലവു തുക, 11,71,557 രൂപ തടസ്സപ്പെടുത്തുന്നു.

താഴെപ്പറയുന്ന ചെലവുകൾ അവയ്ക്ക് നേരെ കാണിച്ചിരിക്കുന്ന കാരണങ്ങളാൽ തടസ്സപ്പെടുത്തുന്നു.

| പ്രോജക്ട് നമ്പരും പേരും | നിർവ്വഹണ ഉദ്യോഗസ്ഥൻ | ചെലവു വിവരം | തടസ്സപ്പെടുത്തുന്നതിനുള്ള കാരണം |
|---|---|---|---|
| എസ്- 294/17, ഐ.കെ.എം. വിഹിതം അടവാക്കൽ | സെക്രട്ടറി | 2,56,923രൂപ, ബിൽ നമ്പർ. 39/16-17 തി.16/03/2017 | ഐ.കെ.എം. ന്റെ രസീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയില്ല. |
| എസ്- 222/17, എസ്സ്.എസ്സ്.എ വിഹിതം നല്കൽ | ഹെഡ്മിസ്ട്രസ്സ്, തെങ്ങോട് ജി.എച്ച്.എസ്സ് | 9,14,634രൂപ, ബിൽ നമ്പർ. 1/16-17 തി.22/12/2016 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. |
| ആകെ | | 11,71,557 രൂപ | |

രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-10 കോൺക്രീറ്റ് പ്രവൃത്തിയ്ക്ക് അധികതുക അനുവദിച്ചത് അംഗീകരിക്കുന്നില്ല

| | |
|---|---|
| പ്രവൃത്തിയുടെ പേര് | വാർഡ്-15- ലെ അയ്യപ്പ ക്ഷേത്രത്തിന് സംരക്ഷണഭിത്തി |

| | |
|---|---|
| ഫയൽ നമ്പർ | E1/3576/15 |
| എസ്റ്റിമേറ്റ് തുക | 4,99,000 രൂപ, |
| കൺവീനർ | ശ്രീ.ഇ.കെ മുഹമ്മദ് നഫൈസ് |
| അളവുപുസ്തകത്തിന്റെ നമ്പർ | 546/15-16 |
| ചെലവ് വിവരം | ചെക്ക് നം-163609തീ.22.9.16രൂ.456606 |

മുകളിൽ രേഖപ്പെടുത്തിയിരിക്കുന്ന പ്രവൃത്തിയുടെ അഞ്ചാം ഇനമായി Rcc(1:1.5:3 എന്ന പ്രവൃത്തി 25.882m3ചെയ്തതിന് കൺവീനർക്ക് 1,94,971.69 (25.882x7,533.1= 1,94,971.69 )രൂപ അനുവദിച്ചിട്ടുണ്ട്. അളവ് പുസ്തകത്തിൽ മേൽ ഇനംപ്രവൃത്തി രേഖപ്പെടുത്തിയിട്ടുള്ളതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പേജ് നം | അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുള്ള വേല | ചെയ്തഅളവ് |
|---|---|---|
| 6 | Cement concrete 1:2:4 using 20mm broken stone | 9.13m3 |
| 8 | Cement concrete 1:1.5:3 using 20mm broken stone | 16.752m3 |
| 12 | ആകെ | 25.882m3 |

ക്രമ നമ്പർ 1പ്രകാരമുള്ള സ്പെസിഫിക്കേഷനിൽ ഉള്ള പ്രവൃത്തി എസ്റ്റിമേറ്റിൽ ഉൾപെട്ടിട്ടില്ല എസ്റ്റിമേറ്റിൽ ഉൾപ്പെടാത്ത പ്രവൃത്തി അളവു പുസ്തകത്തിൽ തെറ്റായി രേഖപ്പെടുത്തിയതാണെന്ന വിശദീകരണം ഓഡിറ്റ് അംഗീകരിക്കുന്നില്ല.

പ്രവൃത്തി പൂർത്തീകരണത്തിന് ആവശ്യമാണെന്ന് നിർണയിക്കപ്പെടാത്തതും എസ്റ്റിമേറ്റിൽ ഉൾപ്പെടാത്തതുമായ ഇനത്തിന് അനുവദിച്ച തുക ഓഡിറ്റ് നിരാകരിക്കുന്നു.9.13m3 cement concrete 1:2:4 using 20mm broken stone എന്നയിനം വേലക്ക് അനുവദിച്ച 68,777/- രൂപ (9.13x7,533.1=68,777.20)കൺവീനറിൽനിന്നോ നഷ്ടോത്തരവാദിയായ എഞ്ചിനീയറിൽ നിന്നോ തിരിച്ചുപിടിക്കേണ്ടതാണ്.

## 3-11 റോഡിൽ കട്ട വിരിയ്ക്കുന്ന പ്രവൃത്തിയ്ക്ക് അധികതുക അനുവദിച്ചു

| | |
|---|---|
| പ്രവൃത്തിയുടെ പേര് | വാർഡ്- 36ലെ ഓൾഡ് പോസ്റ്റ്ഓഫീസ് റോഡ് കട്ട വിരിക്കൽ |
| ഫയൽ നമ്പർ | E2/16230/16 |
| റ്റി.എസ് ലഭിച്ച തുക, നമ്പർ, തിയതി | 2,00,000 രൂപ, 6/AEE/EBP/TKA/15-16 Dt.1.6.15 |
| കൺവീനർ | ശ്രീമതി ജാസ്മിൻ നൌഷാദ് |
| അളവുപുസ്തകത്തിന്റെ നമ്പർ | 38/16-17 |

താഴെ ചേർത്തിരിക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഭാഗമായി റോഡിൽ ടൈൽ വിരിച്ചതിന് 1012/$m^2$,1011.86/$m^2$എന്നീ നിരക്കുകളിൽ കൺവീനർമാർക്ക് തുക

അനുവദിച്ചിട്ടുണ്ട്. M 30 ഗ്രേഡിലുള്ള 100mm കനമുള്ള ഇന്റർ ലോക്കിങ്ങ് കട്ടകൾ 50mm കനത്തിലുള്ള മെറ്റൽ ബെഡിൽ വിരിക്കുന്ന പ്രവൃത്തിയാണ് മേൽപ്രകാരം ചെയ്തിട്ടുള്ളത്.

എന്നാൽ അംഗീകരിച്ച ഡാറ്റ പ്രകാരം പ്രസ്തുത നിരക്ക് M 40 ഗ്രേഡിലും 100mm കനത്തിലുമുള്ള ഇന്റർ ലോക്കിങ്ങ് കട്ടകൾ 100mm കനത്തിലുള്ള മെറ്റൽ/ സാൻഡ് ബെഡിൽ വിരിക്കുന്ന പ്രവൃത്തിയ്ക്കാണ് അനുവദനീയം.

2016-17ൽ നഗരസഭ നടപ്പാക്കിയ സമാനരീതിയിലുള്ള പ്രവൃത്തികളിൽ ( M 30 ഗ്രേഡിലുള്ള 100mm കനമുള്ള ഇന്റർ ലോക്കിങ്ങ് കട്ടകൾ 75 mm കനത്തിലുള്ള മെറ്റൽ ബെഡിൽ വിരിക്കുന്ന പ്രവൃത്തികളിൽ 962/$m^2$ എന്ന നിരക്ക് മാത്രമാണ് അനുവദിച്ചതെന്നിരിക്കെ അതിലും കുറഞ്ഞ ഗുണനിലവാരത്തിൽ പൂർത്തീകരിച്ച പ്രവൃത്തികൾക്ക് $m^2$ ന് 50 രൂപാ വീതം അധികം അനുവദിച്ചതിന് തൃപ്തികരമായ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 5-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടി അധികച്ചെലവിനെ സാധൂകരിക്കുന്നില്ല.

ആയതിനാൽ ആകെ അധികം നൽകിയ32,689/- രൂപ കരാറുകാരിൽ നിന്നോ മുനിസിപ്പൽ എഞ്ചിനീയറിൽ നിന്നോ തിരിച്ചുപിടിക്കേണ്ടതാണ് .വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രവൃത്തി | ഫയൽ നം | എസ്റ്റിമേറ്റ് തുക | കൺവീനർ | അളവ് പുസ്തകം | അധികം | ചെക്ക് നം&തീ |
|---|---|---|---|---|---|---|---|
| 1 | W-36-ലെ ഓൾഡ് പോസ്റ്റോഫീസ് റോഡ്ടൈൽ വിരിക്കൽ | E2-16230/16 | 2,00,000 | ശ്രീമതി ജാസ്മിൻ നൌഷാദ് | 38/16-17 | 185$m^2$ * 50 =9250 | 148991/ 22.6.16 രൂപ 1,81,602 |
| 2 | ചാലക്കര ബൈലൈൻ ടൈൽ വിരിക്കൽ | E2-22080/16 | 3,77,000 | ടി.ടി. ജേക്കബ് | 49/16-17 | 257.28$m^2$ *50 =12864 | 163484/ 23.7.16 രൂപ 3,43,240 |
| 3 | ചെങ്ങാലമൂല കനാൽബണ്ട് റോഡ് സംരക്ഷണ ഭിത്തി& ടൈൽ വിരിക്കൽ | E2-15008/16 | 3,40,000 | കെ.എം. ഷബീർ | 77/16-17 | 211.50$m^2$ *50 =10575 | 163534/ 22.8.16 രൂപ 3,10,113 |
| ആകെ | | | | | | 32,689/- | |

## 3-12 മൃഗാശുപത്രിക്ക് മരുന്നു വാങ്ങൽ-കരാർ നിബന്ധന പാലിച്ചിട്ടില്ല.

പ്രൊജക്റ്റ് നം . -എസ് 0089 / 17
അടങ്കൽ - 95,000 /-, മെയിന്റനൻസ് ഗ്രാന്റ് റോഡിതരം

ചെലവ് വിവരം -ബിൽ നം. 4 / 16 - '17 ; 28.2.'17 ; 95,000 /-
നിർവഹണ ഉദ്യോഗസ്ഥൻ -വെറ്ററിനറി സർജൻ

2016–17 വർഷത്തെ വികേന്ദ്രീകൃതാസൂത്രണപദ്ധതി പ്രകാരം വെറ്ററിനറി സർജൻ നിർവഹണ ഉദ്യോഗസ്ഥയായി "മൃഗാശുപത്രിക്ക് മരുന്ന് വാങ്ങൽ" എന്ന പദ്ധതി നടപ്പിലാക്കി 18.11.16 ന് പുറപ്പെടുവിച്ച ടെണ്ടർ നോട്ടീസ് പ്രകാരം മരുന്നുകൾക്ക് വിതരണം ചെയ്യുന്ന തീയതിയിൽ കുറഞ്ഞത് ഒരു വർഷം കാലാവധി ഉണ്ടാകണമെന്ന് നിഷ്കർഷിച്ചിരുന്നു . ഇന്റന്റ് പ്രകാരമുള്ള മരുന്നുകൾക്ക് ഏറ്റവും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത അങ്കമാലിയിലെ മെഡിഫാർമ ഫാർമസ്യൂട്ടിക്കൽസ് എന്ന സ്ഥാപനത്തിന്റെ കരാർ സ്വീകരിച്ച് 20.1.17 ന് സപ്ലൈ ഓർഡർ നല്കി 26.1.17 ന് ഇൻവോയ്സ് നം . I -50632 പ്രകാരം 95,000 /- രൂപയുടെ മരുന്നുകൾ ലഭിച്ചു. വിതരണം ചെയ്തവയിൽ താഴെ പറയുന്ന മരുന്നുകൾക്ക് കരാറിൽ ആവശ്യപ്പെട്ടിരുന്ന (Expiry date) കാലാവധി ഉണ്ടായിരുന്നില്ല .

| ക്രമ നം. | മരുന്നിന്റെ പേര് | കാലാവധി(Expiry date) |
|---|---|---|
| 1 | Nexbolic 5 ml | 9 / 17 വരെ |
| 2 | Karpofen Inj 30 ml | 9 / 17 വരെ |
| 3 | Blood Off Tab | 9 / 17 വരെ |

കരാറിൽ നിഷ്കർഷിച്ചിരുന്ന കാലാവധി ഇല്ലാതിരുന്നിട്ടും ടി മരുന്നുകൾ സ്റ്റോക്കിലെടുത്തതിന് വിശദീകരണം ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 8 /13 . 6 . '17) ലഭിച്ച മറുപടിയിൽ ടി മരുന്നുകൾ ചുരുക്കം കമ്പനികൾ മാത്രം ഉത്പാദിക്കുന്നതിനാൽ ലഭ്യത കുറഞ്ഞവയാണെന്നും 5/17 നകം പൂർണ്ണമായും ഉപയോഗിച്ചു കഴിഞ്ഞതാണെന്നും ബോധിപ്പിച്ചിട്ടുണ്ട് . ഭാവിയിൽ മരുന്ന് വാങ്ങുമ്പോൾ കരാറിൽ ആവശ്യപ്പെട്ടിരിക്കുന്ന എല്ലാ നിബന്ധനകളും പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ് .

## 3-13 ഡെപ്പോസിറ്റ് വർക്ക് -തുകയുടെ വിനിയോഗ വിവരം ലഭ്യമല്ല

2016-17-ൽ ഡെപ്പോസിറ്റ് വർക്കുകൾക്കായി താഴെ കൊടുത്തിരിക്കുന്ന പ്രകാരം തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. ചെലവിന്റെ വിനിയോഗവിവരം, ഏജൻസിയുമായി ചമച്ച കരാർ, പൂർത്തീകരണസാക്ഷ്യപത്രം മുതലായവ ഹാജരാക്കിയില്ല. പ്രസ്തുത അപാകതകളാൽ ചെലവു തുക 1,83,53,250/- രൂപ തടസപ്പെടുത്തുന്നു.

| ക്രമ നം | നിർവഹണ ഉദ്യോഗസ്ഥൻ | തുകകൈപ്പറ്റിയ സ്ഥാപനം | പ്രോജക്ട് | ചെലവ് വിവരം | തുക |
|---|---|---|---|---|---|
| 1 | മെഡിക്കൽ ഓഫീസർ, PHC | PWD ഇലക്ട്രിക്കൽ വിങ്ങ് സബ് ഡിവിഷൻ, ഇടപ്പള്ളി | S0311/17 പ്രാഥമി കാരോഗ്യ കേന്ദ്രങ്ങളിൽ ഫാർമസി& സ്റ്റോർഎസി സ്ഥാപിക്കൽ | ബിൽനം.6/16-17 തി 29.3.17 | 3,20,000/- |
| 2 | ഹെൽത്ത് ഓഫീസർ | സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൌണ്ടേഷൻ, | S0311/17 ഉറവിടമാലിന്യ സംസ്കരണം-ബയോഗ്യാസ് | ബിൽനം. 13/16-17 തി 30.3.17 | 2,50,000/- |

| | | | | | |
|---|---|---|---|---|---|
| | | ആലുവ | പ്ളാന്റ് സ്ഥാപിക്കൽ | | |
| 3 | | KSEB | S0275/17 വിവിധ വാർഡുകളിൽ ഇലക്ട്രിക്ലൈൻ എക്സ്റ്റൻഷൻ | ബിൽനം.7/16-17 തി25.11.16 | 48,00,000/- |
| | | | | ബിൽനം.8/16-17 തി1.12.16 | 38,00,000/- |
| 4 | | KWA | S035/17 വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | ബിൽനം.9/16-17 തി22.12.16 | 16,00,000/- |
| 5 | മുനിസിപ്പൽ എഞ്ചിനീയർ | | | ബിൽനം.10/16-17 തി22.12.16 | 30,00,000/- |
| | | | | ബിൽനം.11/16-17 തി22.12.16 | 40,00,000/- |
| | | KSEB | S0403/17 വാർഡ്-30-ൽ ഓവർഹെഡ് ലൈൻ& ട്രാൻസ്ഫോർമർ സ്ഥാപിക്കൽ | ബിൽനം.20/16-17 തി 10.3.17 | 5,83,250/- |
| | ആകെ | | | | 1,83,53,250/- |

# 3-14 പെൻഷൻ ഫണ്ട്

2016-17 സാമ്പത്തിക വർഷം പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ 12,56,244/- രൂപയാണ് ജീവനക്കാരുടെ ശമ്പളത്തിൽ നിന്ന് കുറവ് ചെയ്തിരിക്കുന്നത്. ഈ കാലയളവിൽ 5,84,025/- രൂപയാണ് നഗരസഭാ പെൻഷൻ ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുന്നത്. ഈ അക്കൗണ്ടിലെ 14-06-2017 -ലെ നീക്കിയിരുപ്പ് 4,48,631.75/-രൂപയാണ്. 2016-17 വർഷം നഗരസഭ പെൻഷൻ ഇനത്തിൽ ചെലവാക്കിയ തുക 12,53,624/- രൂപയാണ്. നിലവിൽ 7 മുൻ ജീവനക്കാർക്കാണ് നഗരസഭയിൽ നിന്ന് പെൻഷൻ നല്കുന്നത്.

# 3-15 സാമൂഹ്യ സുരക്ഷപെൻഷൻ വിതരണവുമായി

## ബന്ധപ്പെട്ട അപാകതകൾ

തൃക്കാക്കര നഗരസഭയിലെ 2016-17 വർഷത്തെ സമൂഹ്യ സുരക്ഷ പെൻഷനുമായി ബന്ധപ്പെട്ട വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| പെൻഷൻ ഇനം | ലഭിച്ച അപേക്ഷകളുടെ എണ്ണം | തീർപ്പാക്കിയത് | നിരസിച്ചത് | 31.03.17 ൽ അന്വേഷണ ഉദ്യോഗസ്ഥന് പക്കലുള്ളത് |
|---|---|---|---|---|
| വാർദ്ധക്യകാല പെൻഷൻ | 831 | 748 | 2 | 81 |
| വിധവ പെൻഷൻ | 198 | 187 | ഇല്ല | 11 |

| | | | | |
|---|---|---|---|---|
| വികലാംഗ പെൻഷൻ | 39 | 39 | ഇല്ല | ഇല്ല |
| കർഷക തൊഴിലാളി പെൻഷൻ | 6 | 6 | ഇല്ല | ഇല്ല |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 7 | 6 | 1 | ഇല്ല |

358 അദാലത്ത് അപേക്ഷകൾ ലഭിച്ചു.ബഹുഭൂരിപക്ഷവും തീർപ്പാക്കിയതായി കാണുന്നു.വിവിധ കാരണങ്ങളാൽ 10 ഗുണഭോക്താക്കളെ സസ്പെൻഡ് ചെയ്തിട്ടുണ്ട്. 2016 ഒക്ടോബർ,നവംമ്പർ,ഡിസംമ്പർ മാസത്തെ പെൻഷൻ ഗുണഭോക്താക്കളിൽ 1660 പേർക്ക് പെൻഷൻ ലഭിച്ചിട്ടില്ലെന്ന് കാണുന്നു.ജനവരി,ഫെബ്രുവരി,മാർച്ച് എന്നീ മാസങ്ങളിലെ 1169 പേർക്കും ഏപ്രിൽ മാസത്തിലെ 1006 പേർക്കും വിവിധകാരണങ്ങളാൽ പെൻഷൻ ലഭിച്ചിട്ടില്ലെന്ന് പെൻഷൻ വെബ്സൈറ്റിൽ കാണുന്നു.അഫിഡവിറ്റ് നല്കിയില്ല,ആധാർ നമ്പർ ബന്ധിപ്പിച്ചില്ല എന്നിവയാണ് പെൻഷൻ നല്കാത്തതിന് പ്രധാന അപാകതയായി കാണുന്നത്.ഗുണഭോക്താക്കളെ വിവരമറിയിച്ച് മേൽ അപാകത പരിഹരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ഇല്ല | | | | | |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | നിർവഹണ ഏജൻസി | പദ്ധതിയുടെ പേരും ഫയൽ നമ്പരും | ഡിഡി /ചെക്ക് നം. തിയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| 1 | കെ. എസ്. ഇ. ബി | സ്ട്രീറ്റ് ലൈറ്റിന് ലൈൻ എക്സ്റ്റൻഷൻ | ഓൺലൈൻ ട്രാൻസ്ഫർ | 91,83,250 | 0 | 91,83,250 |
| 2 | കേരള വാട്ടർ അതോറിറ്റി | കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | ഓൺലൈൻ ട്രാൻസ്ഫർ | 86,00,000 | 0 | 86,00,000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം നഗരസഭയ്ക്ക് വായ്പയിനത്തിൽ വരവ് ചെലവുകളില്ല.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 0 |
| തൻവർഷം നിക്ഷേപിച്ച തുക | 5,00,00,000 |
| ആകെ | 5,00,00,000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 5,00,00,000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു :-

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| ബാങ്ക് ഓഫ് ബറോഡ,വാഴക്കാല | 3,00,00,000 |
| SBI(സ്റ്റേറ്റ് ബാങ്ക് ഓഫ് മൈസൂർ) കാക്കനാട് | 2,00,00,000 |
| ആകെ | 5,00,00,000 |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച വരവിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരുംഉദ്യോഗപ്പേരും | രസീത് നമ്പർ തീയതി |
|---|---|---|---|---|
| 2010-11, | 3-39 | 1,25,564 | മുനിസിപ്പൽ എഞ്ചിനീയർ | 11602118735/ 22.9.16 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

നഗരസഭയിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ

തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-00 | 12 | 2004-05 | III-7(1) 13(ii) | ചെക്ക് പ്രകാരം പിൻവലിച്ച 1,50,000 രൂപയിൽ 2,119 രൂപമാത്രമേ ചെലവ് എഴുതിയിട്ടുള്ളൂ. ബാക്കിയുള്ള 1,47,881രൂപപലിശ സഹിതം ഈടാക്കേണ്ടതാണ്. | സമിതി തെളിവെടുപ്പ് നടത്തിയിട്ടുണ്ട്. തീരുമാനം ആയിട്ടില്ല |
| 1999-00 | 47 | 2004-05 | III-7(1) 13(iii) | ലോക്കൽ നിരക്കിൽ ചെയ്ത പ്രവൃത്തിയ്ക്ക് പൊതുമരാമത്ത് നിരക്കിലുള്ള തുകയുടെ 50% കൂടി കൂട്ടിയനിരക്കി നേക്കാൾഅധികം നൽകിയ തുകനിരാകരിച്ചു. നിരാകരണം 24,829 രൂപ | സമിതി തെളിവെടുപ്പ് നടത്തിയിട്ടുണ്ട്. തീരുമാനം ആയിട്ടില്ല |
| 2000-01, 2001-02 | 16 | 2004-05 | III-7(1) 13(i) | കൺവീനർക്ക് പഞ്ചായത്ത് നൽകിയ കമ്പി,സിമന്റ്എന്നിവയ്ക്ക് ടെണ്ടർ എക്സസ് നൽകി. അധികച്ചെലവ് 47,145 രൂപ | സമിതി തെളിവെടുപ്പ് നടത്തിയിട്ടുണ്ട്. തീരുമാനം ആയിട്ടില്ല |

# 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 41,53,70,635 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 34,58,57,184 |
| വരവിനങ്ങളിലുള്ള നഷ്ടം | 36,26,160 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 109140 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 20926703 |

(ബി) നഗരസഭാ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും |
|---|---|---|

| നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ഉദ്യോഗപ്പേരും |
|---|---|---|---|
| 2-1 | 36,26,160 | - | 1.എസ് രാജേന്ദ്രൻ, അസി. എക്സി. എഞ്ചിനീയർ-18,13,080<br>2.എ.ഇ.മേരി കാതറിൻ ജോർജ്ജ് – 18,13,080 |
| 3-5 | - | 7674 | പി.എസ്. ഷിബു, സെക്രട്ടറി |
| 3-10 | - | 68777 | എസ്. രാജേന്ദ്രൻ, അസി. എക്സ്. എഞ്ചിനീയർ |
| 3-11 | - | 32689 | എസ് രാജേന്ദ്രൻ, അസി. എക്സി. എഞ്ചിനീയർ |
| ആകെ | 36,26,160 | 109140 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 13,800 | പി.എസ്.ഷിബു , സെക്രട്ടറി |
| 3-4 | 73,096 | പി.എസ്.ഷിബു , സെക്രട്ടറി |
| 3-6 | 13,15,000 | പി.എസ്.ഷിബു , സെക്രട്ടറി |
| 3–9 | 2,56,923 | പി.എസ്.ഷിബു , സെക്രട്ടറി |
| | 9,14,634 | പി അനിത,HM |
| 3-13 | 3,20,000 | ഡോ പ്രശാന്തി.എം,MO,PHC |
| | 2,50,000 | ബി.ദിലീപ്,ഹെൽത്ത് ഓഫീസർ(ചാർജ്) |
| | 1,77,83,250 | എസ് രാജേന്ദ്രൻ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| | 2,09,26,703 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| പി.എസ്, ഷിബു, സെക്രട്ടറി | സെക്രട്ടറി, തൃക്കാക്കര നഗരസഭ | സുകുമാര വിലാസം, നടുവത്തുംചേരി, |

| | | |
|---|---|---|
| | | ചവറസൗത്ത് പി.ഒ., കൊല്ലം -691584 |
| എസ് രാജേന്ദ്രൻ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ , തൃക്കാക്കര നഗരസഭ | ശ്രീരംഗം, കല്ലേലി ഭാഗം, കരുനാഗപ്പിള്ളി, കൊല്ലം |
| ഡോപ്രശാന്തി.എം, MO,PHC,കാക്കനാട്, | MO,PHC,കാക്കനാട്, | ഫ്ളാറ്റ് നം.101, ഡ്രീം ഫ്ളവർ ഓർലാൻഡോ,ജനത, മഞ്ഞുമ്മൽ |
| ബി ദിലീപ്. ഹെൽത്ത് ഓഫീസർ(ചാർജ്) | ഹെൽത്ത് ഓഫീസർ(ചാർജ്), തൃക്കാക്കര നഗരസഭ | ചാരുവിള വീട്,കൈതക്കോട് പി ഓ,കൊല്ലം ജില്ല. |
| പി.അനിത, ഹെഡ്മിസ്ട്രസ് , ജി.യു.പി. എസ്., തെങ്ങോട് | ജി.എച്ച്.എസ്.എസ്, പാലോട്ട്, കാസർകോഡ്. | കൃഷ്ണ,വെല്ലൂർ- പിഓ,പയ്യന്നൂർ , കണ്ണൂർ. |
| മേരി കാതറിൻ ജോർജ്ജ് അസി. എഞ്ചിനിയർ | ലഭ്യമല്ല | ഫ്ളാറ്റ് നം.10, അബാദ് ഒളിമ്പസ്, രാഘവൻ പിള്ള റോഡ്, ഇടപ്പിള്ളി – 682 024 |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടിന്റെ വിവരം | റിമാർക്ക്സ് |
|---|---|---|
| 1978-79 | എൽ.എഫ്.ഇ(പി.3)2175/80 , 05.12.1981 | |
| 1980-81 | എൽ.എഫ്.ഇ.(പി 3) 2177/84 , 03.10.1987 | |
| 1981-82 | എൽ.എഫ്.ഇ.(പി 3) 1009/85 , 09.10.1987 | |
| 1982-83 | എൽ.എഫ്.ഇ.(പി 3) 369/87 , 18.01.1998 | |
| 1983-84 | എൽ.എഫ്.ഇ.(പി 3) 1469/88 , 03.11.1988 | |
| 1984-85 | എൽ.എഫ്.ഇ.(പി 3) 1178/88 , 16.07.1988 | |
| 1985-86 | എൽ.എഫ്.ഇ.(പി 3) 225/89 , 03.07.1989 | |
| 1986-87 | എൽ.എഫ്.ഇ.(പി 2) 1707/90 , 13.06.1991 | |
| 1987-88 | എൽ.എഫ്.ഇ.(പി 2) 1413/92 , 30.07.1992 | |
| 1988-89 | എൽ.എഫ്.ഇ.(പി 2) 876/93 , 02.11.1993 | |
| 1989-90 | എൽ.എഫ്.ഇ.(പി 2) 876/93 , 02.11.1993 | |
| 1990-91 | എൽ.എഫ്.ഇ.(പി 2) 588/94 , 03.04.1995 | |

| | | |
|---|---|---|
| 1991-92 | എൽ.എഫ്.ഇ.(പി 2) 588/94 , 03.04.1995 | |
| 1992-93 | എൽ.എഫ്.ഇ.(പി 4) 1303/05, 22.09.2006 | |
| 1993-94 | എൽ.എഫ്.ഇ.(പി 4) 1304/05 22.09.2006 | |
| 1994-95 | എൽ.എഫ്.ഇ.(പി 4) 1305/05 ,22.09.2006 | |
| 1995-96 | എൽ.എഫ്.ഇ.(പി 4) 1306/05 ,22.09.2006 | |
| 1998-99 | എൽ.എഫ്.ഇ.(പി 3) 1034/01 ,10.10.2001 | ചെലവ് റിപ്പോർട്ട് |
| 1999-00 | എൽ.എഫ്.ഇ.(പി 3) 857/04 , 26.01.2004 | |
| 2000-01 | എൽ.എഫ്.ഇ.(പി 3) 1078/04 ,12.01.2005 | പദ്ധതി ചെലവ് റിപ്പോർട്ട് |
| 2001-02 | എൽ.എഫ്.ഇ.(പി 3) 1078/04 ,12.01.2005 | പദ്ധതി ചെലവ് റിപ്പോർട്ട് |
| 2002-03 | എൽ.എഫ്.ഇ.(പി 4) 472/08 , 24.11.2008 | |
| 2003-04 | എൽ.എഫ്.ഇ.(പി 4) 473/08 , 24.11.2008 | |
| 2004-05 | എൽ.എഫ്.ഇ.(പി 4) 317/08 , 29.01.2009 | |
| 2005-06 | എൽ.എഫ്.ഇ.(പി 8) 269/10 , 29.07.2010 | |
| 2006-07 | എൽ.എഫ്.ഇ.(പി 8) 282/10 , 31.07.2010 | |
| 2007-08 | എൽ.എഫ്.ഇ.(പി 8)791/09 , 20.03.2010 | |
| 2008-09 | എൽ.എഫ്.ഇ.(പി 8)183/11 , 11.03.2012 | |
| 2009-10 | എൽ.എഫ്.ഇ.(പി 8)183/11 , 11.03.2012 | |
| 2010-11 | എൽ.എഫ്.ഇ.(എം1)874/12 , 07.07.2012 | 2010-11മുതൽ നഗരസഭ |
| 2011-12 | എൽ.എഫ്.ഇ.(എം1)1650/14,19.02.2015 | |
| 2012-13 & 2013-14 | എൽ.എഫ്.ഇ.(എം2)409/2016,08.03.2016 | |
| 2014-15 | എൽ.എഫ്.ഇ.(എം1)1384/2016 ,9.8.2016 | |
| 2015-16 | എൽ.എഫ്.ഇ.(എം1)141/2017 ,.8.2.2017 | |

ജോയിന്റ് ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

# അനുബന്ധം- 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

| | |
|---|---|
| നം.കെ.എസ്.എ.ഇ.കെ.എം(എം.1)1775/17 | കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്<br>ജില്ലാ ഓഡിറ്റ് കാര്യാലയം,<br>എറണാകുളം, സിവിൽ സ്റ്റേഷൻ,<br>കാക്കനാട് – 682030<br>ഫോൺ : 0484 – 2422271<br>e-mail:doekm.ksad@kerala.gov.in |
| | തീയതി : |

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 4 ,കേരള മുനിസിപ്പാലിറ്റി നിയമത്തിലെ വകുപ്പ് 215-ം വകുപ്പ് ഇവ അനുസരിച്ചും നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിങ്ങ് സ്റ്റാന്റേർഡുകൾ അവലംബിച്ചും എറണാകുളം ജില്ലയിലെ തൃക്കാക്കര നഗരസഭയുടെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന ഖ:2-11ലെ പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ തൃക്കാക്കര നഗരസഭയുടെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ

# APPENDIX - I

## AUDIT CERTIFICATE – 2016-17

| | |
|---|---|
| No.KSAEKM(M1/1775/17 | Kerala State Audit Department<br>District Audit Office, Ernakulam<br>Civil Station, Kakkanad – 682030<br>Phone : 0484 - 2422271<br>e-mail :doekm.ksad@kerala.gov.in |
| | Date : |

Certified that I have audited the Annual Financial Statement of Thrikkakkara Muncipality in Ernakulam district for the year ended on 31.3.2017 in accordance with Section 4 of Kerala Local Fund Audit Act 1994, Section 215 of Kerala Muncipalities Act 1994, the rules made there under and the guidelines issued by Comptroller and Auditor General of India for the purpose of audit of accounts of Municipal Institutions.

In my opinion, the Annual Financial Statement of Thrikkakkara Muncipality for the year 2016-17 except the observations made in para 2-11 in my audit report, properly presents the picture of income and expenditure.

JOINT DIRECTOR